FOR PRIVATE CIRCULATION ONLY

അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

THE SOUL WINNER • • • FULLFILLING THE GREAT COMMISSION

VOLUME 10 • ISSUE 7 MARCH 2024

## സോൾ വിന്നേഴ്സ് ഇന്ത്യ

# വാർഷിക കൺവൻഷനും ഗ്രാജുവേഷനും

**മദ്ധ്യപ്രദേശ്/ഇൻഡോർ:** സോൾ വിന്നേഴ്സ് ഇന്ത്യ വാർഷിക കൺവൻഷനും ഗ്രാജുവേഷൻ സർവ്വീസും മാർച്ച് മാസത്തിൽ നടത്തപ്പെടും. 22 വെള്ളി മുതൽ 24 ഞായർ വരെയുള്ള ദിവസങ്ങളിൽ സഭാ ആസ്ഥാനമായ ഇൻഡോറിൽ നടക്കും. 22 ന് ചർച്ച് ഗ്രോത്ത് ഡയറക്ടർ പാസ്റ്റർ തോമസ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പ്രഥമ യോഗത്തിൽ സഭാ പ്രസിഡന്റും, ഡയറക്ടറുമായ ഡോ പാസ്റ്റർ സന്തോഷ് ഈശോ പ്രാർത്ഥിച്ച് ഉത്ഘാടനം നിർവഹിക്കും. വെള്ളി, ശനി ദിവസങ്ങളിൽ വൈകുന്നേരങ്ങളിൽ നടക്കുന്ന സുവിശേഷ യോഗങ്ങളിൽ ക്രിസ്തുവിൽ പ്രസിദ്ധരായവർ ദൈവവചനത്തിൽ നിന്നും സംസാരിക്കും. ശനിയാഴ്ച്ച നടക്കുന്ന ബെഥേൽ ബൈബിൾ സെമിനാരിയുടെയും, കൊഹാട്ട് ക്ലാസുകളുടെയും,ട്രെയിനിംഗ് സെന്ററുകളുടെയും സംയുക്ത ഗ്രാജുവേഷൻ സർവ്വീസ് നടക്കും. സർവ്വീസുകൾക്ക് പ്രിൻസിപ്പാൾ ജോസ് വർഗ്ഗീസ് നേതൃത്വം കൊടുക്കും. പുത്രിക സംഘടനകളായ പ്രയർ ബോർഡ്, സൺഡേ സ്കൂൾ, സഹോദരി സമാജം, യുവജനം, ട്രയിനിം സെന്റർ, അന്നാസ് ഹൗസ് ഓഫ് ഹോപ്പ് ചിൽഡ്രൻസ് ഹോം, ചർച്ച് ഗ്രോത്ത് എന്നീ ഡിപ്പാർട്ടുമെന്റുകളുടെ സംയക്ത വാർഷികങ്ങളും നടത്തപ്പെടും. പ്രസ്തുത യോഗങ്ങൾക്ക് പാസ്റ്റർ ഡമർ സിംഗ്, സ്റ്റീഫൻ ശമുവേൽ, പ്രസ്സി സന്തോഷ്, ഇവാഞ്ചിലിസ്റ്റ് ബിമൽ ചന്ദ്, റവ. ബൽജിത്ത്, പാസ്റ്റർ തോമസ് എൻ മാത്യു എന്നിവർ നേതൃത്വം കൊടുക്കും. ഞായറാഴ്ച്ച നടക്കുന്ന സംയുക്ത സഭായോഗത്തിന് പാസ്റ്റർ തോമസ് എൻ മാത്യു നേതൃത്വം വഹിക്കും.



23-ന് വൈകുന്നേരം സ്റ്റേറ്റ് കോർഡിനേറ്റേഴ്സിന്റെയും, വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും അദ്ധ്യക്ഷൻ/ അദ്ധ്യക്ഷമാരുടെയും സംയുക്ത നേതൃയോഗവും നടത്തപ്പെടും. സഭായോഗത്തോടനുബന്ധിച്ച് സഭയിൽ 5 വർഷത്തിലധികമായ് സഭാ ശുശ്രൂഷയിൽ തുടർന്നുവന്നവർക്ക് പാസ്റ്റേഴ്സ് ഓർഡിനേഷൻ കൊടുക്കും. ഓർഡിനേഷൻ സർവ്വീസിന് സഭാ പ്രസിഡന്റ് നേതൃത്വം നൽകും. സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ശമുവേൽ തിരുമേശ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. സഭാ പ്രസിഡന്റ് ഡോ. പാസ്റ്റർ സന്തോഷ് ഈശോ സമാപന സന്ദേശം നൽകും. പാസ്റ്റർ സ്റ്റീഫൻ ശമുവേൽ നേതൃത്വം നൽകുന്ന സഭയുടെ ക്വയർ ഗാനങ്ങൾ ആലപിക്കും.

## അസ്ബറി ആത്മപകർച്ചയുടെ ഒന്നാം വാർഷികം

**അസ്ബറി/കെന്റക്ക്:** 21-ാം നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ ആത്മപകർച്ചയുണ്ടായ അമേരിക്കയിലെ കെന്റക്ക് അസ്ബറി യൂണിവേഴ്സിറ്റിയിൽ ഉണ്ടായ ആത്മപകർച്ചയുടെ ഒന്നാം വാർഷികമാണ് ഫെബ്രുവരിയിൽ. രണ്ട് ആഴ്ച്ചയും രണ്ട് ദിവസവും തുടർമാനമായി ഉണ്ടായ ആത്മപകർച്ചാനുഭവം അമേരിക്കയിൽ 50 വർഷത്തിന് ശേഷമുണ്ടായ ഒരു അനുഭവം കൂടിയായിരുന്നു.

2023 ഫെബ്രുവരി 8-ന് വിദ്യാർത്ഥികൾ അവരുടെ പതിവ് ചാപ്പലിൽ പ്രാർത്ഥനക്കായ് ഒത്തുകൂടിയായിരുന്നു. പ്രാർത്ഥനയിൽ തുടങ്ങിയ യോഗം അന്യഭാഷ പ്രയോഗത്തോടുകൂടിയ ആരാധനയിലേക്കും, അനുതാപത്തോടുകൂടിയ ഏറ്റുപറച്ചിലിലേക്കും വലിയ ആത്മനിറവിന്റെ അനുഭവങ്ങളിലേക്കും പിന്നീട് യാത്രികമായി നീങ്ങി. അനിയിന്ത്രിതമായ യോഗങ്ങൾ ക്യാമ്പസിന്റെ വിവിധ ഭാഗങ്ങളിലേക്കും, ക്യാമ്പസിന് പുറത്തും, രാജ്യത്തിലെ വിവിധ ക്യാമ്പസുകളിലേക്കും മലവെള്ളപ്പാച്ചിൽ പോലെ ഒഴുകിയെത്തി. ഇങ്ങ് ഇന്ത്യയിലും അതിന്റെ അലയടികൾ ഉണ്ടായി. പിന്നീട് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിച്ച പശ്ഛാത്തലത്തിൽ ബന്ധപ്പെട്ടവർ യോഗങ്ങൾ അവസാനിച്ചതായി പ്രഖ്യാപിച്ചുവെങ്കിലും പരിശുദ്ധാത്മ പകർച്ചാനുഭവം ഇന്നും ക്യാമ്പസിനകത്ത് തുടരുന്നതായ് അതികൃതർ അറിയിച്ചു. കേവലം ഒരു നോൺ സ്റ്റോപ്പ് ആരാധന എന്നതിൽ ഉപരി രോഗസൗഖ്യം, ഭൂത ശാന്തി, വിവിധ പ്രശ്നപരിഹാരങ്ങളും യോഗങ്ങളിൽ നടന്നു.

## രക്തസാക്ഷിയായി പാസ്റ്റർ ഭഗ്‌വാൻ സിംഗ്





**ചണ്ഡിഗഢ്:** കഴിഞ്ഞ ചില ദിവസങ്ങൾക്ക് മുൻപ് സുവിശേഷ വിരോധികളാൽ ആക്രമിക്കപ്പെട്ട് ഗുരുതരാവസ്ഥയിൽ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന കർത്തൃദാസൻ പാസ്റ്റർ ഭഗ്‌വാൻ സിംഗ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

കർത്തൃശുശ്രൂഷയിൽ വളരെ തീവ്രതയോടെ വേല ചെയ്ത് വന്ന പ്രിയ കർത്തൃദാസൻ പാസ്റ്റർ ഭഗ്‌വാൻ സിംഗ് ഇന്ത്യ പ്രജാബന്ധു പാർട്ടിയുടെ പഞ്ചാബ് സ്റ്റേറ്റ് പ്രസിഡന്റുമായിരുന്നു. ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവരെയും കുടുംബങ്ങളെയും കർത്തൃവേലയെയും ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കുവാനും അപേക്ഷിക്കുന്നു.

## ജീൻ ഗ്രഹാം ഫോർഡ് നിര്യാതയായി

**ഷാർലെറ്റ്:** സുവിശേഷകനായ ഡോ. ലെയ്ടൺ ഫോർഡിന്റെ ഭാര്യയും അന്തരിച്ച ഡോ ബില്ലി ഗ്രഹാമിന്റെ ഇളയ സഹോദരി ജീൻ ഗ്രഹാം ഫോർഡ് 91-ാം വയസ്സിൽ അന്തരിച്ചു. ഫെബ്രുവരി 29 -ന് വ്യാഴാഴ്ച്ച രാവിലെ കലോലിനാസ് മെഡിക്കൽ സെന്ററിലായിരുന്നു അന്ത്യം. ഭർത്താവ് സ്ഥാപിച്ച ഫോർഡ് മിനിസ്ട്രിയിലും, വേൾഡ് വിഷന്റെ വിമൻസ് ഓഫ് വിഷന്റെ ബോർഡിലും പ്രവർത്തിച്ചു. തന്റെ പിതാവിന്റെ ശുശ്രൂഷയിൽ നിസ്വാർത്ഥമായ സേവനം അവർ അനുഷ്ഠിച്ചിട്ടുണ്ടെന്നും അവരുടെ ചേർപാട് തങ്ങൾക്ക് വലിയ ദുഃഖമാണന്നും ഫ്രാങ്ക്ളിൻ ഗ്രഹാം ഫെയ്സ്ബുക്കിൽ കുറിച്ചു. ബില്ലി ഗ്രഹാമിന്റെ സംസ്ക്കാര ശുശ്രൂഷയിൽ, സ്വർഗ്ഗം നേരിട്ട് ഭൂമിയിൽ ഇറങ്ങി വന്നാണ് തന്നെ സ്വർഗ്ഗത്തിലേക്ക് കൊണ്ട് പോയതെന്നും, അതേപോലെ തന്നെയും വന്ന് കൊണ്ടുപോകുമെന്നും പറഞ്ഞതും അദ്ദേഹം അനുസ്മരിച്ചു.

## പാസ്റ്റർ പി. വി. ചുമ്മാർ നിത്യതയിൽ



**കുന്നംകുളം:** ക്രൈസ്തവ ഗാനരചയിതാവും എഴുത്തുകാരനും പ്രഭാഷകനും അപ്പൊസ്തൊലിക് ചർച്ച് ഓഫ് ഗോഡ് സഭാദ്ധ്യക്ഷനുമായ പാസ്റ്റർ പി.വി.ചുമ്മാർ (92) നിര്യാതനായി.

'അഴലേറും ജീവിത മരുവിൽ നീ കേഴുകയോ ഇനി സഹജാ', 'എന്നും നടത്തും അവൻ എന്നെ നടത്തും', 'ഉന്നത മാർഗ്ഗത്തിൽ വാഗ്ദത്തങ്ങളിൽ', 'ലക്ഷ്യമോ ലക്ഷ്യമോ വിശ്വാസത്തിൻ നായകൻ', 'ദിവ്യ തേജസിൽ യേശു സന്നിധൗ ധന്യമായി വാഴും ഞാൻ' തുടങ്ങി പ്രസിദ്ധമായ ഒട്ടേറെ ക്രിസ്തീയ ഭക്തി ഗാനങ്ങൾ രചിച്ചിട്ടുണ്ട്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി ക്രൈസ്തവ പ്രേഷിതരംഗത്ത് പ്രവർത്തിക്കുന്നു. സംസ്ക്കാരം നടന്നു.

## ദൈവം എല്ലാറ്റിലും എല്ലാമാണ്: പ്രിയ ഏബ്രഹാം



**ബാംഗ്ളൂർ:** മോശെ ദൈവത്തോട് ജനം എന്നോട് ആരാണ് എന്നെ ഇങ്ങോട്ട് അയച്ചതെന്ന് ചോദിച്ചാൽ ഞാൻ എന്ത് പറയണം? ദൈവം മോശെയോട് എനിക്ക് ധാരാളം പേരുകളുണ്ട്. ഏത് പേരാണ് നിനക്ക് വേണ്ടത്. ഏലോഹിം, എൽഷദായി, യെഹോവ റാഫാ, യെഹോവ ശമ്മ, യെഹോവ യിരെ ഇതിൽ ഏത് പേരാണ് നീ ചോദിക്കുന്നത്. എന്നാൽ ഞാൻ നിനക്ക് ഒരു പേരു തരാം "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു". മൂല ഭാഷയിൽ "ഞാൻ എല്ലാറ്റിലും മതിയായവൻ" എന്നാണ്. മോശെ നിനക്ക് സൗഖ്യദായകനായും, കരുതുന്നവനായും, നൽകുന്നവനായും, കൂടെയിരിക്കുന്നവനായും, പിതാവും, അമ്മയായും ഒക്കെ ഞാൻ നിന്റെ ഒരോ ആവശ്യങ്ങളിലും നിന്നോട് കൂടെ ഇരിക്കും. നോൺ ഡിനോമിനേഷൻ ചർച്ച് ഫോർ ഗിവൻ ജനറേഷൻ ചർച്ചിന്റെ സഹസ്ഥാപകയും സീനിയർ പാസ്റ്ററുമായ അവർ ബാംഗ്ലൂരിലെ സഭയിൽ സംസാരിക്കുകയായിരുന്നു.

# THE PRAYER OF DANIEL

> By the way, God already knows the sin that we have committed, God already knows the things that are hindering our prayers. And true confession is kind of the test of our sincerity, it's kind of a test of our honesty with our Heavenly Father because He does know.

A WORD FROM THE PRESIDENT



BRO. DANIEL EASO

*"So, I turned to the Lord God and pleaded with him in prayer and petition, in fasting, and in sackcloth and ashes. I prayed to the LORD my God and confessed: 'Lord, the great and awesome God, who keeps his covenant of love with those who love him and keep his commandments, we have sinned and done wrong. We have been wicked and have rebelled; we have turned away from your commands and laws. We have not listened to your servants the prophets, who spoke in your name to our kings, our princes, and our ancestors, and to all the people of the land. Lord, you are righteous, but this day we are covered with shame—the people of Judah and the inhabitants of Jerusalem and all Israel, both near and far, in all the countries where you have scattered us because of our unfaithfulness to you. We and our kings, our princes, and our ancestors are covered with shame, LORD because we have sinned against you. The Lord our God is merciful and forgiving, even though we have rebelled against him; we have not obeyed the LORD our God or kept the laws he gave us through his servants the prophets. All Israel has transgressed your law and turned away, refusing to obey you. Therefore, the curses and sworn judgments written in the Law of Moses, the servant of God, have been poured out on us, because we have sinned against you. You have fulfilled the words spoken against us and against our rulers by bringing on us great disaster. Under the whole of heaven, nothing has ever been done like what has been done to Jerusalem. Just as it is written in the Law of Moses, all this disaster has come on us, yet we have not sought the favor of the LORD our God by turning from our sins and giving attention to your truth. The LORD did not hesitate to bring the disaster on us, for the LORD our God is righteous in everything he does; yet we have not obeyed him. Now, Lord our God, who brought your people out of Egypt with a mighty hand and who made for yourself a name that endures to this day, we have sinned, we have done wrong. Lord, in keeping with all your righteous acts, turn away your anger and your wrath from Jerusalem, your city, your holy hill. Our sins and the inequities of our ancestors have made Jerusalem and your people an object of scorn to all those around us. Now, our God, hear the prayers and petitions of your servant. For your sake, Lord, look with favor on your desolate sanctuary. Give ear, our God, and hear; open your eyes and see the desolation of the city that bears your Name. We do not make requests of you because we are righteous, but because of your great mercy. Lord, listen! Lord, forgive! Lord, hear and act! For your sake, my God, do not delay, because your city and your people bear your Name." (Daniel 9:3-19).*

Daniel's prayer takes up over half of chapter 9 (Daniel 9:3-20). In verse 3 he humbled himself through fasting, and sackcloth and ashes, which was a common way of expressing both humility and submission to the Lord. But his prayer is very powerful and very applicable and beneficial for us in our day. He began with confession and if you and I want to get on praying ground with our heavenly father, we too must begin our prayer with confession of our sin.

Now, our sin as believers doesn't condemn us to hell because that was already taken care of at Calvary, "there is now, therefore, no condemnation to them who are in Christ Jesus." (Romans 8:1). So, your salvation is secure when you trusted Christ as your savior when you become born again, your salvation is secure in Christ.

But what our sin does as a believer, is it separates us from the close relationship with Him that He wants us to have. Isaiah 59:1-2 says, "Surely the arm of the LORD is not too short to save, nor His ear too dull to hear. But your iniquities have separated you from your God; your sins have hidden His face from you, so that He will not hear." It's not a matter that He cannot hear, it's a matter of He chooses not to hear when God's children have unconfessed sin in their lives. That's why one of the very first things Jesus taught the disciples when He gave them the Lord's prayer in Luke 11 was to pray, "Lord forgive us our sin." That's why 1 John 1:9 is so vital to the life of the believer, "If we confess our sins, He is faithful and just and will forgive us our sins and purify us from all unrighteousness."

Many people think that 1 John 1:9 is irrelevant to God's people, it's irrelevant as far as salvation, because once we trust Christ we are saved, but it is not irrelevant as far as having a good close relationship with your Heavenly Father. The believer must kneel before his God and must confess the sin to have that good close relationship. Unconfessed sin in the heart and life of a believer hinders our relationship, it hinders our ability to have prayers answered. As God's children, we must search deep in our hearts and get rid of that sin that is hindering our relationship with Him.

But Daniel knew if they were going to be ready as a nation for their second chance and if they were going to be ready as a people to go back to the land and be able to exist then something needed to be confessed. Daniel chapter 9:5-6 says, "we have sinned and done wrong. We have been wicked and have rebelled; we have turned away from your commands and laws. We have not listened to your servants the prophets, who spoke in your name to our kings, our princes, and our ancestors, and to all the people of the land." I like Daniel's prayer and Daniel's confession because he certainly didn't sugarcoat anything, he certainly was very specific. By the way, God already knows the sin that we have committed, God already knows the things that are hindering our prayers. And true confession is kind of the test of our sincerity, it's kind of a test of our honesty with our Heavenly Father because He does know. Daniel says we've sinned, we have done wickedly, we rebelled and all they did as a nation can be rolled up into one major category and that is this, they simply disobeyed the Word of God. God spoke to them and gave them very clear instructions about what they had to do in the land as they conquer the land, yet they chose to disobey. He said, "we have turned away from your commands and law." In verse 6, he says, "we have not listened to your servants the prophets, who spoke in your name." He says we didn't listen. As you read the entire 17 verses that contain Daniel's prayer, he confesses over and over, 'we didn't obey your voice', he said several times- 'we rejected Moses' law'. He said, we rebelled and not obeyed the voice of God. And every one of those indicates their disobedience to the Word of God. They heard it in many different forms- they heard it from God's leaders, and they even had early copies of the portions of the Word of God.

> The first thing Daniel did was confess their sins, then he asked for forgiveness. If we want our prayers to be answered, then first we have to confess our sins and ask for forgiveness. Not only will our prayers be answered, but we will also experience a closer relationship with God.

We also have with us the complete preserved Word of God, we are privileged to have it, we are privileged to look at it, and study it, and read it anytime we want to. But we also have the same problem as Daniel mentioned, we don't read it, and we don't obey it. God certainly appreciates it when His children love Him and simply obey what He has told us in His Word. In Daniel 9:21, Gabriel appeared to Daniel again and helped Daniel understand what he read in the book of Jeremiah and answer his prayer. By the way, God will help us understand His Word if we pray and if we ask the Holy Spirit to guide us. One of the ministries of the Holy Spirit is to lead us into all truth and He will help us with that.

In Daniel 9:23, Gabriel says, "as soon as you began to pray, a word went out, which I have come to tell you, for you are highly esteemed. Therefore, consider the word and understand the vision." Angel said that the minute you began to pray, God sent me on this journey to come and bring you the answer to your prayer. He said I was sent with the answer. When we confess our sins and make sure that there is nothing between us and Him, He will answer our prayers. In Isaiah 65:24 Bible says, "Before they call, I will answer." While you are even thinking about praying, as your Spirit is praying prayers of groaning, God is already answering your prayer while you are still praying that prayer. Then Gabriel begins to give Daniel some heavy details about the end time calendar. He speaks of the end times, and he uses the measurement of weeks. He reveals to Daniel that there will be a time when Israel's suffering going to end.

We see that Daniel's prayer was answered and great details of the end time were revealed to him. God answered his prayer and revealed to him the future of Israel. The first thing Daniel did was confess their sins, then he asked for forgiveness. If we want our prayers to be answered, then first we have to confess our sins and ask for forgiveness. Not only will our prayers be answered, but we will also experience a closer relationship with God.

# യേശു എന്ന നാമം എല്ലാ നാമത്തിലും മേലായ നാമം

ക്രിസ്തു വിശ്വാസികൾ എന്നും അഭിമാനത്തോടും ആവേശത്തോടും പറയുന്ന ഒരു ബൈബിൾ വചനമാണ് 'യേശുവിന്റെ നാമം എല്ലാ നാമത്തിലും മേലായ നാമം'. ഫിലിപ്പിയർക്ക് എഴുതിയ ലേഖനം രണ്ടാം അദ്ധ്യായം ആറ് മുതൽ പതിനൊന്ന് വരെയുള്ള വാക്യങ്ങളിൽ ആണ് ഈ വചനം രേഖപ്പെടുത്തിയിരിക്കുന്നത്. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും. ഏറ്റവും ശ്രേഷ്ഠമായ ഈ നാമം ദൈവം പുത്രന് നൽകുവാൻ ഉള്ള കാരണത്തെ കുറിച്ച് വളരെ കൃത്യമായ് ഈ വചനഭാഗത്ത് പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ മൂന്ന് ആളത്വങ്ങളിൽ ഒന്നായ പുത്രൻ ദൈവരൂപത്തിൽ ഇരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ "ദാസരൂപം" എടുത്ത് വേഷത്തിൽ മനഷ്യനായി ഭൂമിയിലേക്ക് വന്നതിനാലാണ്. ഏറ്റവും ഉന്നതമായിരുന്ന പദവിയും പേരും വേണ്ടെന്ന് വച്ചിട്ടാണ് മനുഷ്യനായി ഭൂമിയിലേക്ക് വന്നത്. ദൈവം എന്നത് ഒരു പേരിനേക്കാൾ ഉപരി ഒരു പദവി ആണ്. അതിനേക്കാൾ ഒരു പദവിയോ പേരോ സ്വർഗ്ഗത്തിലോ ഭൂമിയിലോ ഇല്ല. അത് ത്യജിച്ച പുത്രനോടുള്ള ദൈവത്തിന്റെ ആദരവാണ് 'യേശു' എന്ന നാമം. പുത്രന് ദൈവം നൽകിയ ഈ ശ്രേഷ്ഠനാമത്തിനായി സ്തോത്രം. പുത്രന്റെ മനുഷ്യവേഷം ഒരു അനുസരണമായിരുന്നു എന്നാണ് വചനം പറയുന്നത്. പിതാവായ ദൈവത്തിന്റെ ആജ്ഞയായിരുന്നു ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ ഭൂമിയിലേക്ക് പോകുക എന്നുള്ളത്. അതിന് പ്രതിഫലവും ദൈവം മുൻകൂട്ടി പ്രക്യാപിച്ചിരുന്നില്ല. അനുസരണയോടെ ഭൂമിയിലേക്ക് വരുമ്പോൾ ദൈവം തന്റെ പുത്രനെ ഏറ്റവും ഉയർത്തി സകല നാമത്തിലും മേലായ നാമം നൽകി. ആ നാമം ആണ് 'യേശു ക്രിസ്തു' എന്ന നാമം. യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും. മൂന്ന് ലോകങ്ങളിലെയും ദൂധന്മാരുടെയും, മനുഷ്യരുടെയും മുഴങ്കാലുകൾ എല്ലാം ഈ നാമത്തിന് മുമ്പിൽ മടക്കേണ്ടിവരും. അതുകൊണ്ടാണ് "യേശുക്രിസ്തുവിന്റെ നാമം" മറ്റ് എല്ലാറ്റിലും ശ്രേഷ്ഠമായ നാമം ആകുന്നത്.

മലയാള വ്യാകരണത്തിൽ നാമം എന്നാൽ എന്ത് എന്ന ചോദ്യത്തിന് ഉത്തരം. ഏതെങ്കിലും ഒന്നിന്റെ പേരായ ശബ്ദത്തിന് നാമം എന്നു പറയുന്നു. വ്യക്തികളെയും, വസ്തുക്കളെയും തിരിച്ചറിയുന്നത് പേര്/നാമം നിമിത്തമാണ്. രക്ഷകനായി വന്ന ദൈവപുത്രന് പിതാവ് നൽകിയ പേരാണ് "യേശുക്രിസ്തു". രക്ഷയ്ക്ക് ആവശ്യമുള്ളവർ ആശ്രയിക്കേണ്ട എക നാമം യേശുക്രിസ്തു എന്ന നാമം ആണ്.

നമുക്ക് ചുറ്റും ധാരാളം നാമങ്ങൾ ഉണ്ട്. അവയിൽ ചില നാമങ്ങൾ നമ്മെ ഭയപ്പെടുത്തുന്നതും, വേട്ടയാടുന്നതും, അസ്വസ്ഥതപ്പെടുത്തുന്നതും, ആകുലചിന്തകൾ വർദ്ധിപ്പിക്കുന്നതും, എന്തിനേറെ ആത്യന്തികമായി നമ്മെ മരണഭീതിയിലേക്ക് നയിക്കുന്നതുമാണ്. എന്നാൽ ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ഇവയ്ക്കൊന്നും ഒരു സ്ഥാനവും ഇല്ല. കാരണം എല്ലാ നാമത്തിലും മേലായ നാമം ആണ് നമ്മുടെ ആശ്രയം. എബ്രായർ ഒന്നിന്റെ നാലാം വാക്യത്തിൽ പറയുന്നു യേശു ദൈവദൂധന്മാരേക്കാൾ വിശിഷ്ടമായ നാമത്തിന് ആവകാശിയാണ്.

മാരകമായ രോഗങ്ങൾ സ്ഥിരീകരിക്കുമ്പോൾ മനുഷ്യർ മാനസീകമായി തകർന്ന് പോകാറുണ്ട്. എന്നാൽ ആ രോഗങ്ങളേക്കാൾ, അതിന്റെ പരിണിത ഫലങ്ങൾക്കും മുകളിലാണ് യേശുവിന്റെ നാമം. യേശുവിന്റെ ശുശ്രൂഷ കാലയളവിൽ വിവിധ രോഗികളെ യേശു സൗഖ്യമാക്കിയിട്ടുണ്ട്. അവയിൽ മാരക രോഗങ്ങളും, മാരകമല്ലാത്തവയും, വൈകൃല്യങ്ങളും ഉണ്ട്. കുരുടർ, ചെകിടർ, മുടന്തർ, കൂനർ, കുറുകിയ കൈ, ചന്ദ്രരോഗം, അപസ്മാരം, കുഷ്ഠം, പക്ഷപാദം, തളർവാദം, പനി, രക്തസ്രാവം. ഈ രോഗാവസ്ഥയിൽ ആയിരുന്നവർക്കെല്ലാം തന്നെ ഈ രോഗങ്ങളുടെയും




പീരുമേട് ക്ലീറ്റസ്

അവസ്ഥകളുടെയും പേരുകൾ നാമങ്ങൾ നിരന്തരം അവരെ മാനസികമായ് വേട്ടയാടിക്കൊണ്ടിരുന്നു. എന്നാൽ എല്ലാ നാമത്തിലും മേലായ നാമമായ യേശുവിന്റെ നാമത്തിൽ അവയിൽ നിന്നെല്ലും അത്ഭുത വിടുതൽ അവർക്ക് ലഭിച്ചു. കാരണം യേശുവിന്റെ നാമം എല്ലാ നാമത്തിലും മേലായ നാമം ആണ്. രോഗങ്ങൾ, അതിന്റെ പരിണിതഫലങ്ങൾ, ചികത്സ, ബന്ധപ്പെട്ട എല്ലാ നാമങ്ങളും നമ്മെ ഭയപ്പെടുത്തുന്നതാണ്. എന്നാൽ യേശുവിന്റെ നാമം എല്ലാ നാമത്തേക്കാളും ശ്രേഷ്ഠമായ നാമമാണ്.

ലോകത്തിലെ വിവിധ രാഷ്ട്രത്തലവന്മാരുടെ പേരുകൾ വളരെ ഭീതിപ്പെടുത്തുന്നതും, ഭയപ്പെടുത്തുന്നതുമാണ്. എന്നാൽ എല്ലാ രാഷ്ട്രത്തലവന്മാരേക്കാളും മേലായ നാമം ആണ് യേശുവിന്റേത്.

എന്തിനാണ് യേശുവിന് എല്ലാ നാമങ്ങൾക്കും മേലായ നാമം നൽകിയത്? ദൈവത്തിൻറെ സപൂർണ്ണതയുള്ള പുത്രൻ തന്നെത്താൻ യാഗമാക്കി അർപ്പിച്ചു. അങ്ങനെ നമുക്ക് പാപമോചനം ലഭിച്ചു. നമുക്കുവേണ്ടി സ്വയം ത്യജിച്ച ഈ പ്രവൃത്തിക്ക് ശേഷം, ദൈവം യേശുവിനെ ബഹുമാനിക്കുകയും എല്ലാ നാമങ്ങൾക്കും മീതെയുള്ള നാമം നൽകിക്കൊണ്ട് അവനെ ഉയർത്തുകയും ചെയ്തു. ഫിലിപ്പിയർ 2-ൽ, ഭൂമിയിൽ വന്ന് ഒരു സാധാരണ മനുഷ്യജീവിതം നയിച്ച യേശുവിന്റെ വിനയത്തെക്കുറിച്ച് പൗലോസ് വിവരിക്കുന്നു. അവൻ യഥാർത്ഥത്തിൽ ദൈവം നമ്മോട് കൂടെ എന്ന് അർത്ഥം വരുന്ന ഇമ്മാനുവൽ ആയിരുന്നു. യേശു വിനയാന്വിതനായ ഒരു മനുഷ്യനായിരുന്നു. എന്നാൽ ഏറ്റവും നിന്ദ്യമായ ഒരു മരണം കൈവരിച്ചു. ഒരു കുറ്റവാളിയെപ്പോലെയാണ് യേശുവിനെ അവർ ക്രൂശിലേറ്റിയത്. വാസ്തവത്തിൽ. യേശു ക്രൂശിലെ മരണത്തോളം തന്നെത്തന്നെ താഴ്ത്തി. ഇത് ഉദ്ദരിച്ച്കൊണ്ട് ഏറ്റവും വിനയത്തോടെ ജീവിക്കാൻ പൗലോസ് വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. മുഴു ലോകത്തിന്റെയും രക്ഷകന് ഇത്രയും വിനയാന്വിതനാകാൻ കഴിയുമെങ്കിൽ, അതേപ്പോലെ അനുസരണയുള്ളതും സേവനത്തിൽ അധിഷ്ഠിതവുമായ ഒരു ജീവിതം നയിക്കാൻ നമുക്കും കഴിയണം. യേശു നമ്മുടെ ഉത്തമ മാതൃകയാണ്. യേശു നമുക്കുവേണ്ടി തന്നെത്തന്നെ പൂർണ്ണമായി പകർന്നതിനുശേഷം, തികഞ്ഞ താഴ്മയോടെ, ദൈവം അവനു ഏറ്റവും ഉയർന്ന സ്ഥാനം നൽകി. എല്ലാ പേരുകൾക്കും ഉപരിയായി യേശുവിന്റെ നാമം ഉണ്ടെന്ന് പൗലോസ് പറയുമ്പോൾ, അവൻ അർത്ഥമാക്കുന്നത്, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും അധോലോകത്തിന്റെയും സമ്പൂർണ്ണ അധികാരവും കർത്തൃത്വവും ഉള്ള നാമം ആണ് യേശുവിന് ഉണ്ടെന്നുള്ളതാണ് യേശുവിനെ ആരാധിക്കാനും ബഹുമാനിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നത്. എല്ലാ നാമങ്ങൾക്കും മീതെയുള്ള നാമം നൽകിക്കൊണ്ട് യേശുവിന് അർഹമായ എല്ലാ മഹത്വവും ലഭിക്കുമെന്ന് ദൈവം ഉറപ്പാക്കി. യേശു ദൈവത്തിന്റെ വലത്തുഭാഗത്ത് ബഹുമാനസ്ഥലത്ത് ഇരിക്കുന്നു: മുമ്പിലുണ്ടായിരുന്ന സന്തോഷം നിമിത്തം, അവൻ കുരിശ് സഹിച്ചു, അതിന്റെ അപമാനം യേശു അവഗണിച്ചു. ഇപ്പോൾ അവൻ ദൈവത്തിന്റെ സിംഹാസനത്തിന് വലത്ത് ഭാഗത്ത് ഇരിക്കുന്നു. എല്ലാ മുഴങ്കാലും അവന്റെ മുമ്പിൽ മടങ്ങുമെന്നും എല്ലാ നാവും യേശുക്രിസ്തുവിന്റെ കർത്തൃത്വം ഏറ്റുപറയുമെന്നും പൗലോസ് സൂചിപ്പിക്കുന്നു: അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കടിയിലും എല്ലാ മുഴങ്കാലും മടങ്ങും. എല്ലാ നാവും യേശുക്രിസ്തു കർത്താവാണെന്ന് ഏറ്റുപറയുയും. പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി. അവൻ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ഉള്ളവയെ ഉൾക്കൊള്ളുന്നു-എല്ലാ സ്വർഗ്ഗീയ, ഭൗമിക, പൈശാചിക ജീവികളും യേശുക്രിസ്തുവിനെ എല്ലാവരുടെയും കർത്താവായി കുമ്പിടുകയും അംഗീകരിക്കുകയും ചെയ്യും. യേശുവിനെ തങ്ങളുടെ സ്വന്തം കർത്താവായി സേവിക്കാൻ തിരഞ്ഞെടുത്താലും ഇല്ലെങ്കിലും, എല്ലാ പ്രപഞ്ചത്തിന്റെയും എല്ലാ ജീവജാലങ്ങളുടെയും കർത്താവാണ് യേശു (യെശയ്യാവ് 45:23-24). അവൻ ഉയിർത്തെഴുന്നേറ്റവനും രക്ഷകനും നമ്മുടെ കർത്താവുമാണ്. എല്ലാറ്റിനുമുപരിയായി എന്നേക്കും ഉന്നതനുമാണ്. എല്ലാ നാമങ്ങൾക്കും മീതെയുള്ള നാമം അവനുണ്ട്.

**ലോകത്തിലെ വിവിധ രാഷ്ട്രത്തലവന്മാരുടെ പേരുകൾ വളരെ ഭീതിപ്പെടുത്തുന്നതും, ഭയപ്പെടുത്തുന്നതുമാണ്. എന്നാൽ എല്ലാ രാഷ്ട്രത്തലവന്മാരേക്കാളും മേലായ നാമം ആണ് യേശുവിന്റേത്.**



# ദയയും പരോപകാരവും ദൈവഭക്തന്റെ മുഖമുദ്രയായിരിക്കട്ടെ !

**ലോകത്തെ നേടുവാൻ ഇറങ്ങിയ നാം സാമൂഹിക പ്രതിബദ്ധതയോട് കൂടി പ്രവർത്തിച്ചില്ലങ്കിൽ വാതിലുകൾ നമ്മുടെ മുൻപിൽ അടയും എന്നു ഓർക്കുക. ചെയ്യുന്ന പ്രവർത്തിക്കു പ്രതിഫലം ഇച്ഛിക്കാതെയോ വാങ്ങാതെയോ ഉള്ള പ്രവർത്തിക്കാണ് സേവനം എന്നു പറയുന്നത്. 'ദയയും പരോപകാരവും ഒരു ദൈവ ഭക്തന്റെ മുഖ മുദ്ര ആയിരിക്കട്ടെ' അതാണ് ദൈവഭക്തിക്കും ക്രിസ്തീയജീവിതത്തിനും മാറ്റു കൂട്ടുന്നത്.**

ആധ്യാത്മിക ജീവിതത്തിൽ ഒരു ക്രിസ്തീയ വിശ്വാസി ജഡത്തിന്റെ ഇച്ഛകളെ അതിജീവിച്ചു ആത്മാവിന്റെ ഫലങ്ങളിൽ നിലനിൽക്കണം എന്നു പൗലോസ് ശ്ലീഹ ഗലാത്യ ലേഖനം അഞ്ചാം ആധ്യായത്തിൽ വ്യക്തമായി പറയുന്നു. പുറജാതികളിൽ നിന്നു രക്ഷിക്കപ്പെട്ടു വരുന്നവർ ന്യായപ്രമാണ കൽപ്പനകൾ കൂടി ആചാരിക്കണമെന്നുള്ള ദുരൂപദേശത്തെ ഘണ്ഡിക്കുകയും യേശുക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിൽ വിശുദ്ധിയോടെ നിലനിൽക്കുവാൻ ആഹ്വാനം ചെയ്യുകയമാണ് ഈ ലേഖനം. പ്രതിദിന ജീവിതത്തിൽ ദൈവീക സ്വാതന്ത്ര്യവും ആത്മാവിന്റെ ഫലവും ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യം എന്തെന്നും പൗലോസ് ശ്ലീഹ ഇവിടെ ഓർമിപ്പിക്കുന്നു. അന്യരുടെ ക്ഷേമത്തിൽ ആത്മാർത്ഥമായ താത്പര്യം കാണിക്കുന്നത് ദയയുടെ ഒരു ഭാഗമാണ്. വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ആണ് ദയ പ്രകടമാക്കേണ്ടത്.

ആഴമായ സ്നേഹവും സഹാനുഭൂതിയും ആണ് സഹ ജീവികളോട് ദയ കാണിക്കുവാൻ ഒരുവനെ പ്രേരിപ്പിക്കുന്നത്. സ്നേഹത്തിന്റെ മുഖംമൂടി അണിയുന്നവർക്ക് ദയ ഭൂഷണം അല്ല. അനുകമ്പാപൂർവ്വം മറ്റുള്ളവരിൽ വ്യക്തിപരമായ താത്പര്യം എടുക്കുന്നതിനും സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനും ആശ്വാസം പകരും വിധം സംസാരിക്കുന്നതും ദയയുടെ ഭാഗമാണ്. സ്നേഹനിർഭരമായ ദയയുള്ളവർ അന്യരോടുള്ള സ്നേഹത്തെ പ്രതി അവരുടേതായ ഈ ക്ഷേമത്തിൽ തൽപ്പരരാകും. എന്തു തന്നെ സംഭവിച്ചാലും ഒരു സദുദ്ദേശം സാക്ഷാത്ക്കരിക്കും വരെ അതുമായി ബന്ധപ്പെട്ട വ്യക്തിയോട് സവിശ്വസ്തം പറ്റി നിന്ന് പൂർണ്ണ മനസ്സോടെ കാണിക്കുന്ന സ്വഭാവം ആണ് സ്നേഹ നിർഭരമായ ദയയും ഭക്തിയും പ്രസംഗവും പ്രകടനം ആയാൽ ദയയില്ലാത്ത സ്വാർഥന്മാരായിത്തീരും. അർദ്ധപ്രാണനായി വഴിയരികിൽ കിടന്ന പരദേശിയെ കണ്ട പുരോഹിതൻ ന്യായപ്രമാണ ചുരുൾ നോക്കി സ്ഥലം വിട്ടു. എന്നാൽ ആ നല്ല ശമര്യാക്കാരനിൽ ഉള്ള ദയ അപരന്റെ വേദനയെ ഉൾക്കൊണ്ടു. അവനെ കൈത്താങ്ങി ഉയർത്തി ആതുരശുശ്രൂഷ ചെയ്തു. സത്രത്തിൽ എത്തിച്ചു. അതാണ് ദയ അതാണ് യഥാർത്ഥ സേവനം. പ്രതിഫലം പ്രാപിക്കാതെ ചെയ്യുന്ന പ്രവർത്തിയാണ് സേവനം. ഇന്നായിരുന്നു എങ്കിൽ കൂടെയുള്ള പലരും നിരുത്സാഹപ്പെടുത്തുമായിരുന്നു. ദയ അപരിചിതരോടും കാണിക്കണം. 275 യാത്ര ക്കാർക്കൊപ്പം പൗലോസ് കപ്പൽച്ചേതത്തിൽ അകപ്പെട്ടപ്പോൾ മാൾട്ട (മെലീത്ത) ദ്വീപികർക്ക് ഒട്ടും പരിചയം ഇല്ലാതിരുന്നിട്ടും അവർ അവരോടു ദയ കാണിച്ചു. ഈ കാലത്ത് കഷ്ടം അനുഭവിക്കുന്ന നമ്മുടെ സഹജീവികൾക്ക് ഒരു കൈത്താങ്ങായി തീരുവാൻ നമുക്ക് ഇടയായാൽ അതും ദയയുടെ ഭാഗമാണ്. നാം മറ്റുള്ളവരോട് ദയ കാണിക്കുമ്പോൾ ആണ് ദൈവവും നമ്മോട് കരുണ കാണിക്കുന്നത്.

ആത്മാഭിലാഷത്തിലെ ആറാമത്തെ ഫലമാണ് പരോപകാരം. ദയയും പരോപകാരവും തമ്മിൽ പിരിയാൻ പറ്റാത്ത ബന്ധം ഉണ്ട്. ദയ ഉള്ളവർക്കെ അന്യനു നന്മ ചെയ്യുവാൻ പറ്റു. അതിനെ ആണ് പരോപകാരം എന്നു പറയുന്നത്. പരോപദ്രവം ചെയ്യുന്ന ഉപദ്രവകാരികളും ചുറ്റുമുണ്ട്. അവരെയും നാം സൂക്ഷിക്കണം. നോവും നോമ്പരങ്ങളുമായി ജീവിതം തള്ളി നീക്കുന്ന ഒട്ടനവധിപ്പേർ നമുക്ക് ചുറ്റുമുണ്ട്. വൈരൂധ്യങ്ങൾ നിറഞ്ഞ ലോകത്തിൽ വ്യത്യസ്തരായ ജീവിതങ്ങളെയും നമുക്ക് കാണാം. ആ അപരിനിലേക്ക് ഒഴുക്കുന്ന ഉപകാരമാണ് ഇത്. കടമയും കർത്തവ്യവുമല്ല ഇത്. ഒരുവനിൽ നിന്നും മറ്റൊരുവനിലേക്ക് കൈമാറ്റപ്പെടേണ്ട സ്നേഹം ആണ് പരോപകാരം. പരോപകാരികൾ ആയിരിക്കുന്ന അനേകരെ ചൂഷണം ചെയ്യുന്ന കപട സ്നേഹികളെ സൂക്ഷിക്കുകയും വേണം.

പലപ്പോഴും പലരും ചിലരെ സഹായിച്ചിട്ട് അവർക്ക് ആ സഹായം അതേ സാഹചര്യത്തിൽ തിരികെ ലഭിച്ചില്ലെങ്കിൽ പരാതികളും പരിഭവങ്ങളും ആരംഭിക്കും. ഒരാൾക്ക് സഹായം ചെയ്തിട്ട് തിരികെ, അതേ സാഹചര്യത്തിൽ അതോ, അതിലധികമോ തിരികെ വാങ്ങുന്നത് പരോപകാരം അല്ല. ഉദാഹരണം വിവാഹം, ഭവന സമർപ്പണം, ജന്മദിന സംഭാവനകൾ. എന്നാൽ ചെയ്ത സഹായത്തിനു പ്രതിഫലം തിരികെ വാങ്ങാത്തതാണ് പരോപകാരം. മറ്റുള്ളതൊക്കെ ബാധ്യതകൾ അത്രേ. നിഷ്ക്കാമകർമ്മം ആയിരിക്കണം ഉപകാരം. ദൈവവും നമ്മെ കുറിച്ച് അതു തന്നെ അല്ലെ ആഗ്രഹിക്കുന്നത്. ജാതി മത വ്യവസ്ഥിതികൾ നോക്കാതെ വൃക്കയും, രക്തവും, ദാനം ചെയ്യുന്നു ചിലർ. ചിലർ മരണാനന്തരം കണ്ണും കരളും കൂടി ദാനം ചെയ്യുന്നു. ഈ ദന കർമ്മങ്ങളൊക്കെ പരോപകാരം ആണ്. എന്നാൽ കൊടുക്കുവാൻ ഉണ്ടായിട്ടും ആർക്കും കൊടുക്കാതെ ചരിതിച്ചു വെക്കുന്ന വ്യക്തികളും നമ്മുടെ സമൂഹത്തിൽ ഉണ്ട്. ആവശ്യക്കാർക്ക് ആവശ്യം അറിഞ്ഞു ചെയ്യുന്ന നന്മക്കു ദൈവം പ്രതിഫലം തരും എന്നുള്ള പ്രതീക്ഷ മാത്രമേ നാം വെക്കാവു. ജീവിതത്തിൽ നമുക്കുള്ള ലാഭം മറ്റുള്ളവരെ സഹായിക്കുക എന്നുള്ളതാണ്. സ്വന്തമായി വിഷമം തോന്നാതെ സന്മനസോടെ അപരർക്ക് ചെയ്യുന്ന ദയയോട് കൂടിയ പരോപകാരം നമ്മിൽ വർധിക്കട്ടെ. വലിയ തിയോളജിയും ഉണർവ്വ് പ്രസംഗവും വലിയ ഉണർവ്വും കൈമുതലായുള്ള നാം പരോപകാരം ചെയ്യുന്നതിൽ പുറകോട്ടു നിൽക്കരുത്. ആത്മാവിന്റെ ഫലങ്ങൾ ചുരുളുകളാക്കി ഉള്ളിൽ വെക്കാതെ, ഇല്ലാത്തവർക്ക് ധാന ദർമ്മം ആയി കൊടുത്താൽ അതാണ് ഉത്തമമായ സേവനം. ഉദാരസംഭാവനകളുടെ പ്രസിദ്ധിക്കായി ശിലകങ്ങളിൽ പേര് കൊത്തി പ്രകടനം ആക്കുന്ന രീതിയും ദൈവം ഇഷ്ടപ്പെടുന്നില്ല.

ആത്മാവിന്റെ ഫലം നമ്മിൽ നിലനിൽക്കണം എങ്കിൽ ജഡത്തിന്റെ പ്രവർത്തികൾ മാറിപ്പോകണം. നന്മ ചെയ്യുന്നതിൽ നിന്നും നമ്മെ പുറകോട്ടു മാറ്റുന്ന ഹൃദയം ദൈവീകമല്ല അതു സ്വാർത്ഥമായ ജഡീക സ്വഭാവം ആണ്. പ്രിയരേ, ലോകത്തെ നേടുവാൻ ഇറങ്ങിയ നാം സാമൂഹിക പ്രതിബദ്ധതയോട് കൂടി പ്രവർത്തിച്ചില്ലങ്കിൽ വാതിലുകൾ നമ്മുടെ മുൻപിൽ അടയും എന്നു ഓർക്കുക. ചെയ്യുന്ന പ്രവർത്തിക്കു പ്രതിഫലം ഇച്ഛിക്കാതെയോ വാങ്ങാതെയോ ഉള്ള പ്രവർത്തിക്കാണ് സേവനം എന്നു പറയുന്നത്. 'ദയയും പരോപകാരവും ഒരു ദൈവ ഭക്തന്റെ മുഖ മുദ്ര ആയിരിക്കട്ടെ' അതാണ് ദൈവ ഭക്തിക്കും ക്രിസ്തീയജീവിതത്തിനും മാറ്റു കൂട്ടുന്നത്. ആകയാൽ 'നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിനെന്നപോലെ മനസോടെ ചെയ്യുവീൻ'.



**ഷാജി ആലുവിള**

# ആത്മാവിന്റെ ശബ്ദം തിരിച്ചറിയുക



അനി ചോക്കോ

യോഹന്നാന് ആത്മാവിന്റെ വിവശതയും വെളിപ്പാടു ലഭിച്ചത് കർത്തൃദിവസത്തിലാണ്. ആഴ്ച്ചവ ട്ടത്തിന്റെ ആദ്യദിവസത്തെ കർത്തൃദിവസമെന്നു വിളിക്കുവാൻ കാരണം അന്നാണ് യേശു പാപത്തേയും സാത്താനേയും മരണത്തേയും കല്ലറയേയും ജയിച്ച് ഉയിർത്തെഴുന്നേറ്റത് എന്നുള്ളതാണ്.

ആദിമശിഷ്യന്മാർ എല്ലാ ആഴ്ചയിലും ആദ്യദിവസം അപ്പം നുറുക്കുവാനും കൂട്ടായ്മ ആചരിപ്പാനുമായി കൂടിവന്നിരുന്നു. (പ്രവൃ. 20:7, 1 കൊരി. 16:2) അവർക്കു മറ്റു വിശേഷദിവസങ്ങളൊന്നും ഉണ്ടായിരുന്നില്ല– ‘ദുഃഖവെള്ളിയാഴ്ച’യോ ‘ഈസ്റ്ററോ’ ‘ക്രിസ്തുമസ്സോ’ ഒന്നും. അവർ പുതിയ ഉടമ്പടിയുടെ കീഴിൽ വന്നിരുന്നതുകൊണ്ട് കാലങ്ങളും ദിവസങ്ങളും ആചരിക്കുന്നതിൽ നിന്നു സ്വാതന്ത്ര്യം നേടിയിരുന്നു. (കൊലോ.2:16, 17).

യോഹന്നാൻ ‘ആത്മവിവശത’യിലായി. അതുകൊണ്ടാണ് തനിക്കു ദൈവശബ്ദം കേൾപ്പാൻ കഴിഞ്ഞത്. നമുക്കും ആ ശബ്ദം കേൾപ്പാൻ കഴിയും– നാമും ആത്മാവിലായാൽ. നാം മനസ്സ് എവിടെയാണു വച്ചിരിക്കുന്നത് എന്നതിനെ ആശ്രയിച്ചാണ് ഇതെല്ലാം ഇരിക്കുന്നത്. നമ്മുടെ മനസ്സ് ഭൂമിയിലെ കാര്യങ്ങളിലാണെങ്കിൽ നാം കേൾക്കുക ഭൗമികകാര്യങ്ങളെക്കുറിച്ചുള്ള ശബ്ദങ്ങളായിരിക്കും.

ഉദാഹരണത്തിന് നമ്മുടെ ചുറ്റുമുള്ള വായുമണ്ഡലത്തിൽ വിവിധ റേഡിയോതരംഗങ്ങളിൽ വ്യത്യസ്തശബ്ദവീചികൾ പ്രവഹിക്കുന്നുണ്ട്. എന്നാൽ നമ്മുടെ റേഡിയോ ഏതു തരംഗദൈർഘ്യത്തിലാണു ട്യൂൺ ചെയ്തിരിക്കുന്നത് എന്നതിനെ ആശ്രയിച്ചാണു നാം ശബ്ദങ്ങൾ പിടിച്ചെടുക്കുന്നത്. റേഡിയോയിൽ നിങ്ങൾക്ക് ഒന്നുകിൽ ദൈവവചനം ശ്രവിക്കാം. അല്ലെങ്കിൽ സാത്താന്റെ റോക് സംഗീതം കേൾക്കാം. തെരഞ്ഞെടുപ്പ് നിങ്ങളുടേതാണ്.

നമ്മുടെ മനസ്സും ഇങ്ങനെയാണ്. നാം ആത്മാവിലാണെങ്കിൽ, അതായതു നാം ആത്മാവിനാൽ നിറയപ്പെടുകയും നമ്മുടെ മനസ്സ് ഉയരത്തിലുള്ള കാര്യങ്ങളിൽ വച്ചിരിക്കുകയുമാണെങ്കിൽ (കൊലൊ.3:2) നമുക്കു കർത്താവിന്റെ സ്വരം കേൾക്കുവാൻ കഴിയും.

പക്ഷേ അന്തരീക്ഷത്തിൽ നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുവാൻ ഒച്ചവയ്ക്കുന്ന മറ്റു ശബ്ദങ്ങളുമുണ്ട്. എങ്ങനെ കൂടുതൽ പണമുണ്ടാക്കാം, കുടുംബസ്വത്തിലെ നിങ്ങളുടെ ഓഹരി എങ്ങനെ കൈക്കലാക്കാം, നിങ്ങളെ ചതിച്ച ആളോട് എങ്ങനെ കണക്കു തീർക്കാം, നിങ്ങളെക്കുറിച്ച് വ്യാജകഥകൾ പ്രചരിപ്പിച്ചവരുടെ മുമ്പിൽ എങ്ങനെ സ്വയം ന്യായീകരിക്കാം തുടങ്ങിയ കാര്യങ്ങൾ ഈ ശബ്ദങ്ങൾ നിങ്ങളോടു നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. വ്യാജം, കയ്പ്, ഉത്ക്കണ്ഠ തുടങ്ങിയവയുടെ 24 മണിക്കൂർ പ്രക്ഷേപണമാണു സാത്താന്റെ റേഡിയോ സ്റ്റേഷൻ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിൽ നിങ്ങൾ കേൾക്കാൻ ഇച്ഛിക്കുന്നതു പിടിച്ചെടുക്കാൻ നിശ്ചിത തരംഗദൈർഘ്യത്തിൽ ട്യൂൺ ചെയ്താൽ മാത്രം മതി.

പല വിശ്വാസികളും ദൈവം തങ്ങളോടു സംസാരിക്കുന്നില്ലെന്നു പരാതിപ്പെടാറുണ്ട്. സത്യത്തിൽ ദൈവം സദാസമയവും സംസാരിക്കുന്നുണ്ട്. എന്നാൽ അവരുടെ മനസ്സ് ഈ ലോകത്തിലും അതിന്റെ താല്പര്യങ്ങളിലും ട്യൂൺ ചെയ്തിരിക്കുന്നതുകൊണ്ട് കേൾക്കാൻ കഴിയുന്നില്ലെന്നേയുള്ളൂ. നാം ആത്മാവിലായിരുന്നില്ല എന്നതുകൊണ്ട്, കഴിഞ്ഞകാലങ്ങളിൽ നമ്മെ ഉദ്ദേശിച്ചുണ്ടായ എത്രയെത്ര പരിശുദ്ധാത്മ ശബ്ദങ്ങൾ നമുക്കു പിടിച്ചെടുക്കുവാൻ കഴിയാതെപോയി.

നിങ്ങൾ സഭായോഗത്തിൽ ശ്രദ്ധനായിരുന്ന് പ്രസംഗകൻ പറഞ്ഞതു മുഴുവൻ ‘മനസ്സിലാക്കി’യാലും പരിശുദ്ധാത്മശബ്ദം കേട്ടില്ലെന്നു വരാം. അതേ സമയം നിങ്ങളുടെ തൊട്ടടുത്തിരുന്നയാൾ ആത്മാവിലായിരുന്നതിനാൽ കർത്താവിന്റെ ശബ്ദം വളരെ വ്യക്തമായി കേട്ടതിനാൽ അതു കാഹളനാദംപോലെയാണെന്നാണു താൻ പറയുന്നത്. അത്ര ഉച്ചത്തിലാണു ദൈവം സംസാരിക്കുന്നത്. പക്ഷേ ഈ കാഹളനാദമൊന്നും ബധിരകർണ്ണങ്ങളിൽ പതിക്കുന്നതേയില്ല!

ഞാൻ നിങ്ങളെ ബുദ്ധി ഉപദേശിക്കുകയും വെല്ലുവിളിക്കുകയും ചെയ്യട്ടെ: നിങ്ങളുടെ ഓരോ ദിവസവും ആത്മാവിലായിരിക്കണം. പ്രത്യേകിച്ച് ഈ അന്ത്യകാലത്ത്. പാപത്തെക്കുറിച്ചുള്ള തിരിച്ചറിവു നഷ്ടപ്പെടുത്താതെ താഴ്മയിൽ ദൈവമുമ്പാകെ നടക്കുക. അപ്പോൾ കർത്താവിനു പറയുവാനുള്ളതു കേൾക്കാൻ നിങ്ങളുടെ കാതുകൾ തുറക്കും!



# ആണിപ്പാട്

അനീഷ് ബോസ്, വിളക്കുപ്പാറ

ഒരു കുട്ടിയുടെ കോപം എങ്ങനെ നിയന്ത്രിക്കാമെന്നും കോപത്തെക്കുറിച്ചുള്ള ഏതെങ്കിലും ബൈബിൾ പാഠത്തോടൊപ്പം ഉപയോഗിക്കുന്നതിനുള്ള ഒരു സർഗ്ഗാത്മക കഥയെ ആസ്പദമാക്കിയുള്ളതാണ് ഈ ചെറിയ ലേഖനം.

കോപം നമ്മുടെ ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും അതിന്റെ മുദ്ര പതിപ്പിക്കുന്നുണ്ട്. കോപം നിയന്ത്രിക്കാൻ പഠിക്കുന്നത് കോപത്തെക്കുറിച്ചുള്ള ബൈബിൾ വാക്യങ്ങൾക്കൊപ്പം ആയിരിക്കണം.

ഈ കഥയുടെ രചയിതാവ് അജ്ഞാതമാണ്. ഒരിക്കൽ വളരെ കോപസ്വഭാവമുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. ഒരിക്കൽ കുട്ടിയുടെ പിതാവ് അവനെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു. അതിനായി കുട്ടിയുടെ കൈയ്യിൽ ഒരു ബാഗ് നിറച്ച് ആണികൾ നൽകി. എപ്പോഴെല്ലാം കോപിക്കുമോ ഒരോ തവണയും ഓരോ ആണികൾ വീതം വെളിയിൽ ചാരി വച്ചിരിക്കുന്ന മരപ്പലകയിൽ തറയ്ക്കുവാൻ പറഞ്ഞു.

ആദ്യ ദിവസം തന്നെ കുട്ടി വേലിപ്പലകയിൽ 37 ആണികൾ അടിച്ചു. അത് എണ്ണിയ അവൻ സ്വയം ഭ്രാന്തനായി തീർന്നു! തുടർന്ന് ഓരോ ദിവസവും എണ്ണം കുറയ്ക്കാൻ അവന് കഴിഞ്ഞു.

ഏതാനും ആഴ്ചകൾക്കുള്ളിൽ കുട്ടി കോപം നിയന്ത്രിക്കാൻ തുടങ്ങി. അതിനാൽ വേലിപ്പലകയിൽ അടിച്ച ആണിക്കളുടെ എണ്ണം ഗണ്യമായി കുറഞ്ഞു.

ഒടുവിൽ ആണികൾ പലകയിൽ തറയ്ക്കുന്നതിനേക്കാൾ എളുപ്പം കോപം നിയന്ത്രിക്കുന്നതാണ് എളുപ്പമെന്ന് ആ കുട്ടി തിരിച്ചറിഞ്ഞു. ചില ആഴ്ച്ചകൾ പിന്നിട്ടപ്പോൾ തന്നെ കോപിക്കാതെ ജീവിക്കാം എന്ന അവസ്ഥയിലെത്തി. വേലിപ്പലകയിൽ ആണി തറക്കാത്ത ദിവസങ്ങളുടെ എണ്ണം കൂടി തുടങ്ങി.

അങ്ങനെയിരിക്കെ, പിതാവ് വളരെ സന്തോഷത്തോടും , അഭിമാനത്തോടും തറച്ച ആണികൾ എല്ലാം പിഴുതെടുക്കുവാൻ കുട്ടിയോട് ആവശ്യപ്പെട്ടു. അതിലേറെ ആവേശത്തോടെ ആണികൾ അവൻ പിഴുതെടുത്തു.

വളരെ സൗമ്യമായി, പിതാവ് മകനെ കൈപിടിച്ച് വേലിയിലേക്ക് നയിച്ചു. ‘എന്റെ മകനേ, നീ വളരെ നന്നായി ചെയ്തു,’ അവൻ പുഞ്ചിരിച്ചു, എന്നാൽ വേലിയിലെ ദ്വാരങ്ങൾ നോക്കൂ. നീ ആണികൾ പിഴുതെടുത്തു എങ്കിലും പലക ഒരിക്കലും പൂർവ്വ സ്ഥിതിയിലാകുകയില്ല. പിതാവ് തുടർന്നു സംസാരിക്കുന്നത് കൊച്ചു കുട്ടി ശ്രദ്ധയോടെ കേട്ടു.

‘നിങ്ങൾ കോപത്തോടെ കാര്യങ്ങൾ പറയുമ്പോൾ, അവ ഇതുപോലുള്ള സ്ഥിരമായ ഓരോ പാടുകൾ അവശേഷിപ്പിക്കും. നിങ്ങൾ എത്ര തവണ ക്ഷമിക്കണം എന്ന് പറഞ്ഞാലും മുറിവുകൾ അപ്പോഴും ഉണ്ടാകും.’

യാക്കോബ് 1:19–21 പ്രിയ സഹോദരന്മാരേ, നിങ്ങൾ അത് അറിയുന്നുവല്ലോ. എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിനു താമസവുമുള്ളവൻ ആയിരിക്കട്ടെ. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല. ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ.

സദൃശവാക്യങ്ങൾ 16:32 – ദീർഘക്ഷമയുള്ളവൻ യുദ്ധവീരനിലും ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ. എഫെസ്യർ 4:6–10 മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെദൈവേഷ്ടം മനസ്സോടെ ചെയ്തും മനുഷ്യരെയല്ല കർത്താവിനെത്തന്നെ പ്രീതിയോടെ സേവിച്ചുംകൊണ്ട് അനുസരിപ്പിൻ. ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന നന്മയ്ക്കു കർത്താവിൽനിന്നു പ്രതിഫലം പ്രാപിക്കും എന്നു നിങ്ങൾ അറിയുന്നുവല്ലോ. യജമാനന്മാരേ, അവരുടെയും നിങ്ങളുടെയും യജമാനൻ സ്വർഗത്തിൽ ഉണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറിഞ്ഞുകൊണ്ട് അങ്ങനെ തന്നെ അവരോടു പെരുമാറുകയും ഭീഷണിവാക്ക് ഒഴിക്കയും ചെയ്‌വിൻ.

ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ.

# തിരുത്തലുകൾ അനിവാര്യം; തിരുനാമം ദുഷിക്കരുത്...



സജി നെടുങ്കണ്ടം

സോഷ്യൽ മീഡിയായിലൂടെയുള്ള ചർച്ചകൾക്ക് ഇന്ന് പ്രധാന്യം വളരെ യാണ്. ക്രൈസ്തവ പത്രങ്ങളിലൂടെ വിഷയങ്ങൾ അവതരിപ്പിക്കുകയും, വീറും വാശിയും ഒട്ടും കുറയാതെ തന്നെ കാലികപ്രസക്തമായ വിഷയങ്ങൾ പെന്തെക്കോസ്തരുടെ പൊതുബോധത്തിൽ എത്തിക്കുന്ന രചനാ ശൈലി നിലനിന്നിരുന്നു. രണ്ടായിരത്തിനും രണ്ടായിരത്തി ഇരുപതിനും ഇടയ്ക്കുള്ള കാലയളവിൽ ക്രൈസ്തവപത്രങ്ങളിലൂടെ ദുരുപദേഷ്ഠാക്കൻമാരെ തുരത്താനും വ്യാജ കൃപാവരപ്രാപ്ത്തരെ പൊതുജനത്തിന്റെ മുമ്പിൽ തുറന്നു കാട്ടാനും എല്ലാ എഴുത്തുകാരും ഒരുമിച്ച് പോരാടിയിരുന്നു. അധികാര ദുർമോഹങ്ങളെയും അനാത്മിക പ്രവർത്തനങ്ങളെയും നിശിതമായി വിമർശിച്ചിരുന്ന കാലം. ഒരുവന്റെ തെറ്റിനെതിരെ പേര് വച്ച് എഴുതുകയും തിരുത്തും വരെയും ആ തൂലിക നിർബാദം തുടർന്നു കൊണ്ടിരുന്നതും നാം മറന്നിട്ടില്ല. അന്നുള്ള വിമർശനങ്ങളും തിരുത്തലുകളും തികച്ചും ആരോഗ്യപരമായിരിക്കാൻ എല്ലവരും ശ്രദ്ധിച്ചിരുന്നു. പെന്തെകോസ്തുകാർ അല്ലാത്തവർ നമ്മുടെ വിമർശനം ശ്രദ്ധിക്കുന്ന തിലൂടെ ദൈവനാമം ദുഷിക്കപ്പെടാതിരിക്കാൻ എല്ലാ എഴുത്തുകാരും ശ്രദ്ധിച്ചിരുന്നു എന്നുള്ളതാണ് വസ്തുത. ഇന്ന് വ്യതിരിക്തമായൊരു ഡിജിറ്റൽ ലോകത്തിലേയ്ക്ക് ആധുനിക ലോകം എത്തിക്കഴിഞ്ഞു. ഇന്ന് വിമർശനങ്ങൾ വിരൽ തുമ്പിലും വാർത്തകൾ കൈകുമ്പിളിലെ ഡിസ്പ്ലേയിലും നൊടി നേരം കൊണ്ട് എത്തിക്കഴിഞ്ഞു. ഫെസ്ബുക്കും വാഡ് സാപ്പും എല്ലാം സമൂഹത്തിലെ താഴെ തട്ടിൽ ഉള്ളവർ പോലും സ്വന്തം പേരിൽ അക്കൗണ്ട് ഓപ്പൺ ചെയ്ത് ഉപയോഗിക്കുന്നു. ഫോട്ടോയും വിഡിയോയും എല്ലാം ശരവേഗത്തിൽ, അല്ല നൊടി ഇടയിൽ ലോക കരങ്ങളിൽ നിറഞ്ഞു പടരുന്നു. അറിവിന്റെ നിറകുടമായ മനുഷ്യന് സാങ്കേതികവിധ്യകൾ ഏറെ ഗുണം ചെയ്യുന്നു എന്നത് എടുത്തു പറയേണ്ടവ തന്നെയാണ്. ഇത് ഡിജിറ്റൽ വായനയുടെ കാലമാണ്. ഇന്നത്തെ വിമർശനങ്ങൾക്ക് മൂർച്ച കൂട്ടാൻ എഴുത്തുകാർ മാത്രമല്ല ഫോട്ടോയും വിഡിയോ ക്ലിപ്പുകളും ഉപകരിക്കുന്നു. വൈര്യ നിരിയാതന ബുദ്ധിയോടെ ഒരുവനെ വിമർശിക്കുമ്പോൾ അതിരു കടക്കുന്നു എന്ന ബോധ്യം പലർക്കും ഇല്ല. ഇതുപോലെ ദൈവനാമം ദുഷിക്കപ്പെടുന്ന വേറൊരു കാലം ഇതിന് മുമ്പ് ഉണ്ടായിട്ടില്ല എന്ന താണ് വസ്തുത.

മര്യാതയുടെ സകല സീമയും ലംഘിച്ചുകൊണ്ട് പുതു തലമുറയിൽപ്പെട്ട കുറെ തിരുത്തൽ വാതികൾ സോഷ്യൽ മീഡിയായിൽ കിടന്ന് ആറാടുന്നത് തികച്ചും തിരുത്തപ്പെടേണ്ട ഒന്നാണ്. ഒരുവനെ തിരുത്തുകയാണ് ലഷ്യമെങ്കിൽ വിമർശനങ്ങളും ആവിഷയത്തിലുള്ള അഭിപ്രായങ്ങളും തികച്ചും ആരോഗ്യപരമായിരിക്കണം. ഏതെങ്കിലും ഒരു കൂട്ടരുടെ നികൂട ബുദ്ധിക്കു വേണ്ടി വെറുതെ ചിലയ്ക്കുന്ന രീതി സോഷ്യൽ മീഡിയാ ഗ്രൂപ്പുകൾക്ക് ഭൂക്ഷണമല്ല. നിയമപരമായി നേരിടാൻ പരിമിതിയുണ്ട് എന്ന ഒറക്കാരണത്താൽ ആരെയും വസ്ത്രക്ഷേപം ചെയ്യുന്ന രീതി തികച്ചും തെറ്റാണ് തിരുത്തപ്പെടേണ്ടതാണ്. പരസ്പരം ബഹുമാനിച്ചു തികഞ്ഞ മാന്യത പുലർത്തികൊണ്ടുള്ള വിമർശനങ്ങൾ ആരോഗ്യപരമാണ് അനുകരണിയമാണ്. അടുത്തറിയാൻ കഴിയാത്ത അറിയപ്പെടുന്നു ശുശ്രൂകരെക്കുറിച്ച് കേട്ടറിവിന്റെ പേരിൽ വസ്തുത എന്തെന്ന് അറിയാതെ അന്വേഷിക്കാതെ സ്വകാര്യതയെപ്പോലും പൊടിപും തൊങ്ങലും വച്ച് പൊലിപ്പിച്ച എഴുതുന്ന രീതി ശരിയല്ലാ എന്ന് മനസിലാക്കുക. സദുദ്ദേശപരമാണ് വിമർശനം എങ്കിൽ ഇരയുടെ കുടുംബവും ശുശ്രൂഷയും കൂടി തകർക്കുന്ന രീതി ഒഴിവാക്കാം. പൂർണ്ണസമയ സുവിശേഷ വേലയ്ക്കായ് സമർപ്പിക്കുന്നവരുടെ എണ്ണം കേരളത്തിൽ നന്നേ കുറഞ്ഞു. വേദപാഠ ശാലകൾ പലതും പൂട്ടിക്കഴിഞ്ഞു. അഥിതി തൊഴിലാളികൾ കേരളത്തിൽ എത്തുന്നതു പോലെ അന്യ സംസ്ഥാന പാസ്റ്റർമാരെ ഇവിടെ സഭാ ചാർജിൽ ഇരുത്തേണ്ട ഗതികേടിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നു. മാന്യമായി സുവിശേഷ വേല ചെയ്യുന്നവരെ അതിരുകടന്ന വിമർശനത്തിലൂടെ അപകീർത്തിപ്പെടുത്തുന്ന രീതി നവിന ഗ്രൂപ്പുകാർക്ക് യോജിച്ചതല്ല. നിങ്ങളുടെ ഒരു പ്രസ്ഥാപനനിമിത്തം തിരുനാമം ദുഷിക്കപ്പെടരുത്.

ഒരുവന്റെ തെറ്റിനെ തിരുത്തണം അത് അനിവാര്യമാണ്. എന്നാൽ പൊതുജന സമക്ഷം ദൈവനാമം ദുഷിക്കപ്പെടുന്ന രീതിയിലുള്ള എഴുത്തുകൾ സോഷ്യൽ മിഡിയ വഴി പ്രചരിപിക്കരുത്. തിരുത്തപ്പെടേണ്ട വ്യക്തിയെ നേരിട്ട് വിളിച്ച് കാര്യങ്ങൾ ബോധിപ്പിക്കുവൻ ആദ്യം തയ്യാറാക്കുക. ആ വ്യക്തി തിരുത്തലിന് തയ്യാറല്ലങ്കിൽ രണ്ട് മുന്നുപേരെ കൂട്ടി കൊണ്ടുചെന്ന് കാര്യങ്ങൾ പറയുക.എന്നിട്ടും തിരുത്തുന്നില്ലാ എങ്കിൽ ആ സുവിശേഷകന്റെ പ്രസ്ഥാനത്തിലെ നേതാക്കൻമാരെ വിവരം അറിയിക്കുക. ഇതൊക്കയല്ലേ ഉത്തമ മാതൃക. ഇവിടെ വിമർശിക്കുന്നവർക്കും വിമർശിക്കപ്പെടുന്നവർക്കും ഒരു പ്രമാണമാണ് എന്ന കാര്യം മറക്കരുത്. ബൈബിൾ ഓരോരുത്തരുടെയും തെറ്റിനെ ചൂണ്ടിക്കാണിക്കുന്ന പുസ്തകമാണ്. തെറ്റിൽ അകപ്പെട്ടവരെ തിരുത്തി ശരിയായ പാതയിൽ എത്തിക്കുക എന്നതു തന്നെയാണ് തിരുവെഴുത്തിന്റെ മഹത്വം. പാപം ചെയ്ത ദാവീദിന്റെ വികൃതമായ മുഖം മാറ്റി എടുക്കാൻ പ്രവാചകശബ്ദമായി എത്തുന്ന ഒരു നാഥാനെ തിരുവചനം ഉയർത്തി കാട്ടുന്നുണ്ട്. ദൈവസഭയെയും സഭാജനങ്ങളെയും പരസ്യമായി അവഹേളിക്കുന്ന തരത്തിൽ വൈരാഗ്യ ബുദ്ധിയോടുള്ള വിവർശനം ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യുകയാണ്. പാസ്റ്റർമാരുടെ തെറ്റുകൾ മാലോകരുടെ മുമ്പിൽ മറയില്ലാതെ തുറന്നുകാട്ടുമ്പോൾ ഇതെല്ലാം കണ്ട് മനസ് മടുത്ത് പുറകോട്ടു പോകുന്ന ഒരു കൂട്ടം യുവതലമുറയെ നാം കാണാതെ പോകരുത്. വഴിപിഴച്ച ഒരു തലമുറയെ ക്രിസ്തു കേന്ദ്രികൃതമായ പാതയിൽ എത്തിക്കുവാൻ ഉതകുന്ന ക്രിയാത്മകമായ വിമർശനങ്ങൾ സോഷ്യൽ മീഡിയാ ഗ്രൂപ്പുകളിൽ നിന്നും പുറത്തു വരട്ടെ. ചെളിവാരി ഏറും മാലോകരുടെ മുമ്പിലെ ഈ വിഴുപ്പലക്കും മതിയാക്കുക. തിരുത്തലുകൾ അനിവാര്യമാണ്; പക്ഷെ ദൈവനാമം ദുഷിക്കാൻ ഇടയാകരുത്.



അനീഷ് കൊല്ലംകോട്

# യേശു എന്ന നാമത്തിൽ എല്ലാമുണ്ട്!

യേശു എന്നല്ല, 'യേശുക്രിസ്തു' എന്നു ഉപയോഗിക്കുന്നതാണ് കൂടുതൽ നല്ലെതെന്നോ അല്ലെങ്കിൽ അങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്നോ അഭിപ്രായമുള്ളവരുണ്ട്. മറ്റൊരു കൂട്ടർക്ക് 'ഈശോ മറിയം ഔസേപ്പ്' എന്നു പറഞ്ഞാലേ ശരിയാകൂ.

ബൈബിൾ പറയുന്നു, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കൈാണ്ട് അവന് 'യേശു' എന്നു പേർ ഇടേണം.

യേഷ്വു, ഈസൂസ്, യെഹോഷുവ, യെഷുവ, യോഷുവ എന്നിവയെല്ലാം ഒരേ അർത്ഥം ഉൾക്കൊള്ളുന്ന ഒരേ പേരിന്റെ വ്യത്യസ്ത ഉച്ചാരണങ്ങൾ മാത്രമാണ്. അതായത്,

അബ്രാഹാം, ഏബ്രഹാം, അവറാൻ, അവറാച്ചൻ എന്നൊക്കെ പറയുന്ന പോലെ...

മിശിഹാ (hebrew) അഥവാ ക്രിസ്റ്റോസ് (Greek) എന്നത് യെഹൂദാ സമൂഹത്തിന്റെ മത പശ്ചാത്തലവും പ്രവചന നിവൃത്തികളുമായി ബന്ധപ്പെട്ട ഒരു പ്രയോഗമാണ്. അഭിഷിക്തൻ എന്നാണർത്ഥം. ഒരു പ്രത്യേക ദൗത്യത്തിനായി വേർതിരിക്കപ്പെട്ട വ്യക്തി എന്നു ലളിതമായി വ്യാഖ്യാനിക്കാം. പഴയ നിയമ കാലങ്ങളിൽ പുരോഹിതനും പ്രവാചകനും രാജാവുമെല്ലാം അഭിഷിക്തരായിരുന്നു.

പറഞ്ഞു വന്നത്, യെഹൂദനൊഴികെയുള്ള ജനസമൂഹത്തോട് രക്ഷയുടെ സന്ദേശം പ്രസംഗിക്കുമ്പോൾ 'യേശു' എന്നു മാത്രം പ്രയോഗിക്കുന്നതിൽ ഒരു പോരായ്മയുമില്ല. യേശു എന്ന പേരിൽ രക്ഷകൻ എന്ന പൂർണ്ണ അർത്ഥം ഉൾക്കൊള്ളുന്നു.

വാസ്തവത്തിൽ 'യേശു' എന്ന ലളിതമായ പേരിൽ മാനവ കുലത്തിന്റെ സകല പ്രശ്നങ്ങൾക്കും പരിഹാരകനായ രക്ഷകൻ എന്ന സാർവ്വ ലൗകിക മാനം പൂർണ്ണമായും ഉൾക്കൊണ്ടിരിക്കെ, മുൻപിലും പുറകിലും എന്തെങ്കിലും ഒക്കെ ഉണ്ടെങ്കിലേ വല്ലതും നടക്കൂ എന്ന ചിന്ത അപക്വമാണ്.

'യേശു' എന്ന നാമത്തിൽ എല്ലാമുണ്ട്! ഒരു കൂട്ടിച്ചേർക്കലുമില്ലെങ്കിലും ആ നാമത്തിൽ സുവിശേഷത്തിന്റെ അന്തസത്ത മുഴുവൻ ഉൾക്കൊണ്ടിട്ടുണ്ട്. ലോകത്തിന്റെ ആത്യന്തികആവശ്യം രക്ഷയാണ് എങ്കിൽ യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ്.

യെഹൂദന് യേശുവിനെ പരിചയപ്പെടുത്തുമ്പോൾ മനസ്സിലാകാൻ വേണ്ടി, ക്രിസ്തേശു എന്നോ യേശു ക്രിസ്തു എന്നോ ഉപയോഗിച്ചു. നമുക്കും പഴയ നിയമം നല്ല വശമായതുകൊണ്ട് അങ്ങനെ തന്നെ ഉപയോഗിക്കാവുന്നതാണ്.

അതേസമയം, രക്ഷാസന്ദേശത്തിലൂടെ പൊതു സമൂഹത്തെ അഭിസംബോധന ചെയ്യുമ്പോൾ രക്ഷകനെ പരിചയപ്പെടുത്തേണ്ടി വരുന്നിടങ്ങളിൽ 'യേശു' എന്ന നാമം തന്നെ ധാരാളമാണ്. ഏച്ചു കെട്ടലുകളും മറ്റ് അൽട്രേഷൻ വർക്കുകളും ഒന്നും ഇല്ലെങ്കിലും ആ പേര് അതിൽ തന്നെ പൂർണ്ണമാണ്.

'യേശു' എന്ന അങ്ങേയറ്റം ലളിതമായ പേരിൽ സർവ്വ ലോക രക്ഷകൻ എന്ന വിശേഷണം ഉൾക്കൊള്ളുന്നെങ്കിൽ പിന്നെ അനാവശ്യ വച്ചു കെട്ടലുകൾ എന്തിനാണെന്നേ!

ഒന്നാം നൂറ്റാണ്ടിൽ യേശു എന്ന നാമം അനേകർക്ക് ഉണ്ടായിരുന്നതിനാൽ യഹൂദന്മാരോട് പ്രസംഗിക്കുമ്പോൾ ആ പേരിന് മുന്നിൽ അഭിഷിക്തൻ എന്നർത്ഥമുള്ള മശിഹ അഥവാ ക്രിസ്തു എന്ന ദൈവീക അംഗീകാരം കൂടി ചേർത്ത് ഉപയോഗിച്ചു.

അതേസമയം, ജാതികൾക്കിടയിൽ അത്ഭുതങ്ങളും വീര്യ പ്രവർത്തികളും യേശുവിന്റെ നാമത്തിൽ നടന്നു. പേരിനു മുന്നിൽ നസ്രായൻ എന്ന സ്ഥല സൂചന മാത്രം മതിയായിരുന്നു യേശുവിനെ തിരിച്ചറിയാൻ.

യേശുവിനെ ഉയർത്താൻ Rev., Dr., Pr., Evg., ഒന്നും വേണ്ടായിരുന്നു. 'നസ്രായനായ യേശു'! അതിൽ എല്ലാം ഉണ്ടായിരുന്നു. അല്ലെങ്കിൽ അത്രയുംതന്നെ ധാരാളമായിരുന്നു അന്ന്. ഇന്നും അതിന്റെ മനോഹാരിതയ്ക്ക് ഒരു കോട്ടവും സംഭവിച്ചിട്ടില്ല.

## ഛത്തീസ്ഗഢിൽ മതം മാറ്റം ജാമ്യമില്ലാ കുറ്റം; 10 വർഷം വരെ തടവും പിഴയും

**ന്യൂഡൽഹി:** ഛത്തീസ്ഗഢിൽ ഇനി മതം മാറുന്നത് ജാമ്യമില്ലാ കുറ്റം. വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ നടക്കുന്ന മതം മാറ്റങ്ങൾക്ക് 10 വർഷം വരെ തടവ് ലഭിക്കാവുന്ന തരത്തിലുള്ള നിയമത്തിന്റെ കരട് തയ്യാറാക്കിയിരിക്കുകയാണ് ഛത്തീസ്ഗഢിലെ സർക്കാർ. നിയമത്തിന്റെ കരട് ഉടൻ തന്നെ നിയമസഭയിൽ അവതരിപ്പിക്കാൻ തയ്യാറെടുത്തിരിക്കുകയാണ് ഛത്തീസ്ഗഢ് സർക്കാർ.

സംസ്ഥാനത്ത് ക്രിസ്ത്യൻ മിഷണറിമാർക്ക് കീഴിൽ വ്യാപകമായ മതംമാറ്റം നടക്കുന്നുണ്ടെന്നും ഇത് ഉടൻ അവസാനിപ്പിക്കുമെന്നും കഴിഞ്ഞ ദിവസം ഛത്തീസ്ഗഢ് മുഖ്യമന്ത്രി വിഷ്ണുദേവ് സായ് വാദിച്ചിരുന്നു. ഇതിന് പിന്നാലെയാണ് സംസ്ഥാനത്ത് പുതിയ നിയമനിർമാണത്തിന് ഒരുക്കം നടക്കുന്നത്. മതം മാറുന്നവർ 60 ദിവസം മുമ്പെങ്കിലും അപേക്ഷ നൽകേണ്ടതുണ്ട്. വ്യക്തിവിവരങ്ങൾ കാണിച്ച് ജില്ല മജിസ്ട്രേറ്റിന് നൽകുന്ന അപേക്ഷയിൽ പൊലീസ് പരിശോധന നടത്തും. മതം മാറ്റ ചടങ്ങ് സംഘടിപ്പിക്കുന്നവരും ചടങ്ങിന് ഒരു മാസം മുമ്പ് അപേക്ഷ നൽകേണ്ടതുണ്ട്. മതം മാറുന്ന വ്യക്തി മതം മാറിയതിന് ശേഷം 60 ദിവസങ്ങൾക്കുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കുകയും ജില്ല മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാകുകയും വേണം.

മതംമാറ്റം നടന്നത് വ്യവസ്ഥകൾക്ക് അനുസൃതമല്ലെന്ന് മജിസ്ട്രേറ്റിന് ബോധ്യപ്പെട്ടാൽ മതം മാറ്റം അസാധുവാക്കും. അംഗീകാരം നൽകുന്നത് വരെ മതം മാറിയ വ്യക്തി സമർപ്പിച്ച സത്യവാങ്മൂലം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യും. മതംമാറുന്ന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യും. മാത്രവുമല്ല, പുതിയ കരട് പ്രകാരം രക്തബന്ധത്തിൽ പെട്ടവർക്കോ, ദത്തെടുക്കൽ വഴി ബന്ധമുള്ളവർക്കോ മതംമാറ്റത്തെ എതിർക്കാനും സാധിക്കും. ഇത്തരം ബന്ധുക്കൾ നൽകുന്ന പരാതിയിൽ കേസെടുക്കാനും ജാമ്യമില്ലാക്കുറ്റം ചുമത്താനും പുതിയ നിയമപ്രകാരം സാധിക്കും. സെഷൻസ് കോടതികളിലാകും ഇത്തരം കേസുകൾ കൈകാര്യം ചെയ്യുക. മതം മാറ്റുന്നവർക്ക് 2 മുതൽ 10 വർഷം വരെ തടവും 25000 രൂപ പിഴയുമുണ്ടാകും. കൂട്ടമായി മതംമാറ്റം സംഘടിപ്പിച്ചാൽ പരമാവധി 1 മുതൽ 10 വർഷം വരെ തടവും അരലക്ഷം രൂപ പിഴയുമാണ് ശിക്ഷ.

## മിഷ്ണറിമാർ വഴികാട്ടികൾ: പുരുഷോത്തമ ബിലിമലെ



**കർണ്ണാടക:** ക്രൈസ്തവ മിഷണമാർ തിരദേശ വളർച്ചയ്ക്ക് വഴികാട്ടികൾ ആയിരുന്നുവെന്ന് പുരുഷോത്തമ ബിലിമലെ പ്രസ്താപിച്ചു. ബേസൽ മിഷൻ മംഗളൂരുവിൽ ആരംഭിച്ച അച്ചടിശാലയിലാണ് ജമിനി ഭാരത, ശബ്ദമണി ദർപർണ തുടങ്ങിയ പഴയകാല സാഹിത്യ കൃതികൾ പ്രസിദ്ധീകരിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡി വൈ എഫ് ഐ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കാരാവലി കാട്ടുവ ബാഗെ (തീര കർണ്ണാടയിലെ സമൂഹം) എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. ജവഹർലാൽ നെഹ്റു സർവ്വകലാശാല മുൻ പ്രഫസറാണ് അദ്ദേഹം. വെൻലോക്ക് ഗവമെന്റ് ആശുപത്രി, മംഗലാപുരം മുൻസിപ്പാലിറ്റി, തുടങ്ങിയ ധാരാളം വികസനങ്ങൾ മിഷ്ണറിമാരുടെ സംഭാവനകളാണെന്നും അദ്ദേഹം വിശദീകരിച്ചു.

## ക്രിസ്ത്യൻ സ്കൂളുകൾക്ക് എതിരെ എംഎൽഎ

**ബാഗ്ളൂർ:** ക്രൈസ്തവ മിഷ്ണറിമാരാൽ നടത്തപ്പെടുന്ന സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ വിടുന്നതിൽ മാതാപിതാക്കൾ പുനർ വിചിന്തനം ചെയ്യുണമെന്ന് മംഗളൂരു സിറ്റി നോർത്ത് എം എൽ എ വൈ ഷെട്ടി. ജെപ്പുവിലെ സെന്റ് ഗെരോസ ഇംഗ്ലീഷ് മീഡിയം ഹയർ പ്രൈമറി സ്കൂളിലെ ഒരു അദ്ധ്യാപിക രാമനെ കുറിച്ച് നടത്തിയ പരാമർശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രതികരണം. കൃഷ്ണപുരയിലെ മറ്റൊരു സ്കൂളിൽ കുട്ടികളുടെ കൈയ്യിൽ നിന്നും രക്ഷാബന്ധൻ ഊരിച്ചതും, തിലക കുറിമായിപ്പിച്ചതും ഉൾപ്പെടെയുള്ള വിഷയങ്ങളും പരാമർശിച്ചാണ് ക്രൈസ്തവ സ്കൂളുകൾക്കെതിരെ എം എൽ എയുടെ പ്രതികരണം. ഇതിനെതിരെ വ്യാപകമായ പ്രതിഷേധവും പ്രതികരണവുമാണ് വിവിധ കോണുകളിൽ നിന്നും ഉയരുന്നത്.

## ഹീലിംഗ് പ്രാക്റ്റീസ് 2024 ബിൽ

**ഗുഹാവത്തി:** ഏകീകൃത സിവിൽകോഡ് നടപ്പിലാക്കുന്നതിന് മുന്നോടിയായി മുസ്ലീം വിവാഹ നിയമം റദ്ദ് ചെയ്തതിനൊപ്പം, ഹീലിംഗ് പ്രാക്ടീസ് ബില്ലും 2004 (തിന്മ തടയൽ) ആസാം നിയമസഭയിൽ അവതരിപ്പിച്ചു. ബില്ലിലെ തിന്മ തടയൽ എന്നതിനായി വ്യാഖ്യാനം നൽകിയിരിക്കുന്നത്, അനതികൃത രോഗശാന്തി ശുശ്രൂഷ എന്നാണ്. മറ്റൊന്ന് പ്രകൃതി ചികത്സ, ആത്മശാന്തി എന്നീ പേരുകളിലെ ചികത്സയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇതിനുള്ള പരസ്യങ്ങളും ബില്ലിന്റെ പരിധിയിൽ വരും. ഒരു വർഷം മുതൽ മൂന്ന് വർഷം വരെ തടവും 5000 മുതൽ 50,000 വരെ പിഴയും, കുറ്റം ആവർത്തിച്ചാൽ അഞ്ച് വർഷം വരെ തടവും ഒരു ലക്ഷം രൂപ പിഴയും ഒടുക്കണം. ഈ നിയമം ക്രൈസ്ത രോഗശാന്തി ശുശ്രൂഷയെ ലക്ഷ്യം വച്ചുള്ളതാണെന്ന് സംസ്ഥാനത്തെ ക്രൈസ്തവർ ആശങ്കപ്പെടുന്നു.

## പാസ്റ്റർക്ക് ജീവപര്യന്തം

**ലാഹോർ/പാക്കിസ്ഥാൻ:** ഫോണിൽ നിന്നും അയച്ച സന്ദേശം മതനിന്ദാ എന്ന കുറ്റം ചുമത്തി 2022 ൽ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയായിരുന്നു പാക്കിസ്ഥാൻക്കാരനയ പാസ്റ്റർ ഫാൻസൺ ഷാഹിദ് (56). ഫെയ്സ് ബുക്കിൽ ഒരു പോസ്റ്റിന് താഴെ കുറിച്ച സന്ദേശം മതനിന്ദയായിരുന്നു എന്നതാണ് കുറ്റം. യഥാർത്ഥത്തിൽ 2019 ൽ തന്റെ ഒരു ഫോൺ മോഷ്ടിക്കപ്പെട്ടിരുന്നു. ആ കാലഘട്ടത്തിൽ ആണ് കേസിനാസ്പദമായ സന്ദേശം രേഖപ്പെടുത്തിയിട്ടുള്ളത്.

സന്ദേശം അയച്ചത് പാസ്റ്റർ അല്ല എന്നത് തെളിയിക്കാൻ വാദിഭാഗത്തിന് കഴിഞ്ഞില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് ജീവപര്യന്തം തടവിനും പിഴ തുകയ്ക്കുമായ് ശിക്ഷ വിധിച്ചത്.

## 1400 വർഷങ്ങൾക്ക് ശേഷം ആദ്യ പ്രാർത്ഥന

**ജോർദ്ദാൻ:** 1400 വർഷങ്ങൾക്ക് ശേഷം ആദ്യമായി റോക്ക് ചർച്ചിൽ ക്രൈസ്തവ പ്രാർത്ഥന നടന്നു. ജോർദാനിലെ ഗ്രീക്ക് ഓർത്തഡോക്സ് മെത്രാപ്പോലീത്തയാണ് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകിയത്. 2021 ൽ യേശു സ്നാനം ഏറ്റ സ്ഥലത്തെ വത്തിക്കാൻ അംഗീകൃത വിശുദ്ധ വിനോദ സഞ്ചാര കേന്ദ്രമായി പ്രഖ്യാപിച്ചിരുന്നു. മോശെ കനാൻ ദേശം ദർശിച്ച നെബോ പർവ്വതം, യോഹന്നാൻ ശിരഛേദം ചെയ്യപ്പെട്ടു എന്ന് വിശ്വസിക്കുന്ന ഹെറോഡിയൻ കൊട്ടാരം എല്ലാം തന്നെ ഈ പട്ടികയിൽ ഉൾപ്പെടും.

## ഇറാനിലെ ഇവാഞ്ചലിയ്ക്കൽ സഖ്യം

**ടെഹ്റാൻ:** എങ്ങും, എന്നും നാം കേൾക്കുന്ന വാർത്തകൾ ക്രൈസ്തവ പീഢനങ്ങളെ കുറിച്ചുള്ളതാണ്. പീഢനങ്ങൾ കൂടുതലും നടക്കുന്നത് ഇസ്ളാമിക രാഷ്ട്രങ്ങളിലാണ് എന്ന ധാരണയും മാറ്റേണ്ടതായിട്ടുണ്ട്. ക്രൈസ്തവ പൂരിപക്ഷ രാജ്യങ്ങളിലും ക്രൈസ്തവ വിരുദ്ധത വർദ്ധിക്കുന്നു എന്നത് തന്നെയാണ് അതിന്റെ കാരണം. 2023 ഒക്റ്റോബറിൽ വിവിധ സഭകളിലെ അംഗങ്ങളായ 130 ഓളം ആളുകൾ ലണ്ടനിൽ ഒത്ത് ചേരുകയും ഒരു സുവിശേഷ സഖ്യം രൂപീകരിക്കുകയും ചെയ്തിരുന്നു. അതിന്റെ തുടർച്ചയായ് ഇറാനിലെ ക്രിസ്ത്യാനിത്യത്തിന്റെ 45 മത് വാർഷികം ഇറാനിലെ ക്രൈസ്തവർ ഈ വർഷം ആചരിച്ചു. 45 വർഷങ്ങൾക്ക് മുമ്പ് ഇസ്ളാമിക രാഷ്ട്രമായി പ്രഖ്യാപിക്കുന്നതിന് നടത്തിയ ഹിതപരിശോധനയിൽ 98% പേർ ആണ് വോട്ട് രേഖപ്പെടുത്തിയെങ്കിൽ, ഇന്ന് അതേ വിഷയത്തെ പിൻതുണയ്ക്കുന്നവർ 16% മാത്രമാണ്. ജനസംഖ്യയുടെ 50% ത്തിലധികവും നിരീശ്വരവാദികളും , അജ്ഞേയവാദികളും, മതമില്ലാത്തവരുമായി തീർന്നിരിക്കുന്നു. പീഢനങ്ങളെ തുടർന്ന് രാജ്യം വിട്ട ക്രൈസ്തവരുടെ എണ്ണം വളരെ കൂടുതലാണ്. എന്നാൽ പലായനം ചെയ്ത വർക്കിടയിൽ വിവിധ മാധ്യമങ്ങളിലൂടെ ദൈവവചനം പങ്ക് വയ്ക്കുന്നു. ലണ്ടനിൽ നടന്ന നമ്മേളനത്തിൽ 40 സഘടനകളും ഓൺലൈനിൽ 60 സംഘടനകളും പങ്കെടുത്തു. ഇറാനിയൻ ലീഡേഴ്സ് ഫോറം എന്നാണ് സംയുക്ത സമിതിയുടെ പേര്.

## ക്രിസ്തുവിന് ഇസ്ളാമിക്ക് നാമം വേണ്ട

**ഇന്തോനേഷ്യ/ജക്കാർത്ത:** ക്രിസ്ത്യൻ അവധി ദിനങ്ങളുടെ ഇസ്ളാമിക പ്രയോഗം നിയമപരമായി എടുത്ത് മാറ്റി ഇന്തോനേഷൻ സർക്കാർ. ക്രിസ്മസ്, ഈസ്റ്റർ, ദുഃഖവെള്ളി എന്നീ അവധി ദിനങ്ങളെല്ലാം ഇസ്ളാമിക പേരുകളിലാണ് രാജ്യത്ത് അറിയപ്പെട്ടിരുന്നത്. ലോകത്തിലെ തന്നെ ഏറ്റവും വലിയ മുസ്ലിം പൂരിപക്ഷ രാഷ്ട്രമാണങ്കിലും രാജ്യത്തെ മതന്യൂനപക്ഷത്തിന്റെ പതിറ്റാണ്ടുകൾ പഴക്കമുള്ള ആവശ്യം നിർവഹിക്കുകയാണെന്ന് പ്രസിഡന്റ് ജാക്കോ വിഡോഡോ അറിയിച്ചു. രാജ്യത്തെ പൂരിപക്ഷം ആളുകളും പുരോഗമനവാദികളാണ്. വളരെ ചെറിയ ശതമാനം വരുന്ന മത:തീവ്രവാതികളുടെ ശക്തമായ എതിർപ്പും പ്രസിഡന്റ് ഒപ്പ് വച്ച പുതിയ നിയമത്തിനെതിരെ ഉയർന്നിട്ടുണ്ട്.

## ഏഷ്യയിൽ 415 ദശലക്ഷം ക്രൈസ്തവർ

**ഏഷ്യ:** ആഗോള ക്രിസ്തീയ പഠന സംഘടനയായ ഇന്റർ നാഷണൽ ക്രിസ്ത്യൻ കൺസേൺ നടത്തിയ പഠനത്തിൽ ഏഷ്യയിൽ 415 ദശലക്ഷം ക്രൈസ്തവർ ഉണ്ടെന്ന് റിപ്പോർട്ട്. ക്രൈസ്തവ പീഢനതോത് ക്രമാതീതമായി വർദ്ധിച്ചിട്ടും 2020 മുതൽ ഏഷ്യയിൽ 2.11 ശതമാനം ക്രൈസ്തവരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്.

ആഫ്രിക്കയിൽ 734 ദശലക്ഷം ക്രൈസ്തവരുണ്ട്. ഇത് 2.6 % വർദ്ധനയാണ്. 2020 ൽ 147 ദശലക്ഷം തിരീശ്വരവാദികൾ ഉണ്ടായിരുന്നത് 2024 ൽ 1% കുറഞ്ഞു. ഇവാഞ്ചലിക്കൽ, പെന്തക്കോസ്തു സഭാവിഭാഗങ്ങളുടെ വളർച്ച അഭൂതപൂർണ്ണമാണന്നും, 2050 ഓടെ ആഗോള തലത്തിൽ അവരുടെ എണ്ണം 1 ബില്യനാകുമെന്നും റിപ്പോർട്ട് പറയുന്നു. 2020–ൽ 420,000 മിഷ്ണറിമാരെ പെന്തക്കോസ്തു സഭകൾ അയച്ച സ്ഥാനത്തു 2024 ൽ 445,000 ആയി ഉയരുമെന്നും കണകാക്കുന്നു. ആഗോള ജനസംഖ്യയുടെ ഏകദേശം 28% പേർക്കും 2024 ൽ സുവിശേഷം എത്തില്ലന്നും റിപ്പോർട്ട് ആശങ്ക പങ്ക് വയ്ക്കുന്നു.

## ഇവാഞ്ചലിൻ ലാജിക്ക് ഡോക്ടറേറ്റ്



**തിരുവനന്തപുരം:** സെനറ്റ് ഓഫ് സെറാമ്പൂറിൽ നിന്നും കമ്മ്യൂണിക്കേഷനിൽ ഡോക്ടറേറ്റ് നേടി ഇവാഞ്ചലിൽ ലാജി. "Cyber violence against women and girls: Framing cyber womanist theology' എന്നതായിരുന്നു ഗവേഷണ വിഷയം ഗവേഷണ വിദ്യാർത്ഥി ആയ വിയപുരം പായിപ്പാട് കന്യകോണിൽ പാസ്റ്റർ ലാജി ചാക്കോ ആണ് ഭർത്താവ്. തമിഴ്നാട് തിയോളജിക്കൽ സെമിനാരിയിൽ അധ്യാപിക ആണ് ഇവാഞ്ചലിൻ ലാജി.

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723


For private circulation only

## 12 ഇറാനിയൻ ഭാഷ ബൈബിളുകൾ

**ഇറാൻ:** ക്രൈസ്തവ പീഡനങ്ങളെ കുറിച്ച് ഏറ്റവും ഭീതിപ്പെടുത്തുന്ന ഒരു രാഷ്ട്രമാണ് ഇറാൻ. 2024 ൽ ആദ്യമാസത്തിൽ തന്നെ രാജ്യത്ത് നിന്നും ഏറ്റവും സന്തോഷ പകരുന്ന ഒരു വാർത്ത പങ്കുവയ്ക്കുകയാണ് ദി സോൾ വിന്നർ. ഒരു ദശലക്ഷം ക്രൈസ്തവർ മാത്രമുള്ള ഒരു രാഷ്ട്രം. ഭൂഗർഭ സഭകൾ മാത്രമുണ്ടായിരുന്ന ക്രൈസ്തവർക്ക് പാർസി ഭാഷയിൽ മാത്രമാണ് ബൈബിൾ ഉണ്ടായിരുന്നത്. 91 കാലഘട്ടങ്ങളിൽ നടത്തിയ സർവ്വേ പ്രകാരം സ്ത്രീകളിൽ 46% പേർ മാത്രം ഉപയോഗിക്കുന്ന ഭാഷയാണ് പാർസി. 62 ഓളം ഭാഷകൾ രാജ്യത്തുണ്ട്. 1 ദശലക്ഷത്തിലധികം ആളുകൾ സംസാരിക്കുന്ന 9 ഭാഷകൾ ഉണ്ട്. 88 ദശലക്ഷത്തിലധികം ആളുകൾ പാർക്കുന്ന രാജ്യത്ത് ഭാഷാപരമായ പ്രശ്നങ്ങൾ വളരെ കൂടുതലാണ്. കോർപ്പൂവിവർത്തക ഏജൻസിയുടെ നേതൃത്വത്തിൽ 12 ഭാഷകളിലായി പുതിയ നിയമം വിവർത്തനം ചെയ്തു. ഇതു മുഖാന്തരം കൂടുതൽ ഇറാനിയർക്ക് ബൈബിൾ വായിക്കാനും പഠിക്കാനും അവസരം ഉണ്ടായിരിക്കുകയാണ്. വലിയ എതിർപ്പുകൾക്കും

പീഢനങ്ങൾക്കും ഇടയിലും ലോകത്തിൽ അതിവേഗം വളരുന്ന സഭകളുടെ പട്ടികയിലേക്ക് ഇറാനിയൻ സഭയ്ക്കും ആദ്യത്തെ സ്ഥാനം ലഭിച്ചിരിക്കുന്നു എന്നത് 2024 ലെ ഒരു സന്തോഷ വാർത്തയാണ്.

## ജോയൽ ബെൽസ് അന്തരിച്ചു



**നോർത്ത്കരോലിന/ആഷെവില്ലെ:** ലോകപ്രശസ്ഥ വേൾഡ് മാഗസിന്റെ സ്ഥാപകനും പ്രമുഖ പത്രാധിപനുമായിരുന്ന ജോയൽ ബെൽസ് 82-ാം വയസ്സിൽ ഫെബ്രുവരി 4 ന് നോർത്ത് കരോലിനയിലെ ആഷെവില്ലെയിൽ അന്തരിച്ചു. ബൈബിൾ അധിഷ്ഠിതമായ പത്രപ്രവർത്തനം ക്രൈസ്തവർക്കും വേണം എന്ന് പ്രഖ്യാപിക്കുകയയും അത് നടപ്പിലാക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. ദൈവത്തിന്റെ ലോകം പങ്കിടുക എന്ന ഉദ്ദേശത്തോടെ 1981-ൽ വിദ്യാർത്ഥികൾക്കായി ഇറ്റ്സ് ഗോഡ്സ് വേൾഡ്, 1986 ൽ മുതിർത്തവർക്കായി വേൾഡ് എന്ന പത്രങ്ങൾ തുടങ്ങി. 1999-ൽ വേൾഡ് ജേണലിസം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ഈ സ്ഥാപനത്തിലെ പൂർവ്വ വിഭാർത്ഥികളായിരുന്നവർ ന്യൂയോർക്ക് ടൈംസ്, വാഷിംഗ്ടൺ പോസ്റ്റ്, വാൾസ്ട്രീറ്റ് ജേർണൽ, ലോസ് ഏഞ്ചൽസ് ടൈംസ്, യു എസ് എ ടുടെ ഉൾപ്പെടെയുള്ള അന്തർദേശീയവും, ദേശീയവും, പ്രാദേശികവുമായ പത്രങ്ങളിൽ ജോലി ചെയ്യുന്നു.

## പുരോഹിതന്മാർക്ക് പ്രതിസന്ധി: എം.പി.മാർ

**ലണ്ടൻ:** ട്രാൻസ് ജെന്റേഴ്സുമായ് ബന്ധപ്പെട്ട ഒരു നിയമമാണ് കോൺവർസേഷൻ തെറാപ്പി. ഇത് നിരോധിക്കുന്ന പുതിയ നിയമത്തിന്റെ രണ്ടാം കരട് ഫെബ്രുവരി മാസത്തിൽ ലണ്ടൻ പാർലമെന്റിൽ സോളിഹുളിലെ ഇറോണസ് ബർട്ട് അവതരിപ്പിച്ചു. എന്നാൽ പുതിയ നിയമം അഭിപ്രായസ്വാതന്ത്ര്യത്തെയും, കുടുംബജീവിതത്തെയും തകർക്കുമെന്നും പല പാർലമെന്റ് അംഗങ്ങളും അഭിപ്രായപ്പെട്ടു. നിയമം നിലവിൽ വന്നാൽ പുരോഹിതന്മാർക്ക് ബൈബിളിലെ പുതിയ നിയമ ഭാഗങ്ങൾ പൊതുവേദികളിൽ വായിക്കാനോ പ്രസംഗിക്കാനോ കഴിയാതെ വരും. കത്തൃ പ്രാർത്ഥനപ്പോലും ചൊല്ലാൻ കഴിയില്ലന്നും അവർ ആശങ്ക പങ്ക് വച്ചു. കൗൺസിലിംഗുകൾ പോലും തിരോധിക്കപ്പെടുമെന്നും പറയുന്നു.

## ഏദൻസിൽ വിവാഹ നിയമം തിരുത്തി

**ഗ്രീസ്/ഏദൻസ്:** വിശുദ്ധ ബൈബിളിലെ തിരുവെഴുത്തുകളിൻ പ്രകാരം പ്രബഞ്ചത്തിന്റെ നിലനിൽപ്പ് തന്നെ ദൈവം വിഭാവനം ചെയ്ത കുടുംബ വ്യവസ്ഥിതിയിലാണ്. കുടുംബങ്ങളുടെ സമാധാനവും സന്തുഷ്ടിയുമാണ് പ്രബഞ്ചത്തിന്റെയും സമാധാനവും സന്തുഷ്ടിയും. നേരെമറിച്ച് കുടുംബങ്ങളുടെ തകർച്ചയും, അസമാധാനവും പ്രബഞ്ചത്തിന്റെ തകർച്ചയും, അസമാധാനത്തിന് കാരണവുമാകുന്നു. പ്രായപൂർത്തിയായ സ്ത്രീയും പുരുഷനും തമ്മിൽ വിവാഹം ബന്ധത്തിലേർപ്പെട്ട്, അവർക്ക് ഉണ്ടാകുന്ന തലമുറയിലൂടെയാണ് വിശുദ്ധമായ ഒരു ജന സമൂഹത്തിന്റെ തുടർച്ചയും നിലനിൽപ്പും ഉണ്ടാകുന്നത്. ഈ യാഥാർത്ഥ്യം സമൂഹത്തിന് പകർന്ന് നൽകേണ്ടത് ക്രൈസ്തവരാണ്. നിർഭാഗ്യവശാൽ ക്രൈസ്തവ രാഷ്ട്രമായ ഗ്രീസിൽ സ്വവർഗ്ഗ വിവാഹം അനുവദിക്കുന്ന നിയമം പാസാക്കിയതായാണ് റിപ്പോർട്ടുകൾ പുറത്ത് വന്നിരിക്കുന്നത്. ഫെബ്രുവരി 15 വ്യാഴാഴ്ച്ചയാണ് ഏദൻസിലെ പാർലമെന്റിൽ ലോകത്തിലെ തന്നെ ഓർത്തഡോക്സ് ക്രൈസ്തവരാജ്യമായ ഗ്രീസ് എല്ലാ എതിർപ്പുകളെയും അവഗണിച്ച് ബൈബിൾ വിരുദ്ധവും, ക്രൈസ്തവ വിരുദ്ധവുമായ നിയമം പാസാക്കിയത്.

## കരണീയമായിട്ടുള്ളുള്ളത് വിശ്വാസം മാത്രം: ഡോ. ജാബേഷ് ജോൺ

**ഗ്രെയ്റ്റ് നോയിഡ:** ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സ്വായത്തമാക്കാൻ ദൈവത്തിലുള്ള അചഞ്ചല വിശ്വാസം മാത്രമേ കരണീയമായിട്ടുള്ളുവെന്ന് ഡോ. ജാബേഷ് ജോൺ. ഗ്രേയ്റ്റർ നോയിഡായിൽ നടന്നുകൊണ്ടിരിക്കുന്ന ഹാർവെസ്റ്റ് ഫെസ്റ്റിവലിൽ ദൈവീക വാഗ്ദത്തങ്ങളെ കുറിച്ച് സംസാരിക്കുകയായിരുന്നു ന്യൂ മെക്സിക്കോ അൽബുഖർഖി പ്രസ്ബിറ്റീയൻ ഹോസ്പിറ്റലിലെ മെഡിക്കൽ ഓഫീസറായ അദ്ദേഹം. എന്തെല്ലാം നമ്മുടെ ജീവിതത്തിൽ സംഭവിച്ചാലും ഭയപ്പെടേണ്ട കാര്യമില്ല. കാരണം ക്രിസ്തുവിന്റെ സാന്നിദ്ധ്യം എപ്പോഴും നമ്മോടു കൂടെയുണ്ട്. നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നതും വിജയത്തിലെത്തിക്കുന്നതും കർത്താവാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ എത്തിപ്പിടിക്കാൻ നാം ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുക. ആ ശ്രമത്തിന്റെ പൂർത്തീകരണത്തിൽ ദൈവത്തിങ്കൽ നിന്ന് ലഭിക്കുന്ന മറുപടി “എനിക്ക് അത് ചെയ്തു തരാൻ കഴിയും” എന്നാണ്.

## ശിപാർശ പഠിക്കാൻ കമ്മീഷൻ

**കൊച്ചി:** ക്രൈസ്തവ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിച്ച് തയ്യാറാക്കപ്പെട്ടിരിക്കുന്ന ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരിക്കുന്നത് സ്വാഗതാർഹമാണെന്ന് കെസിബിസി ജാഗ്രത കമ്മീഷൻ. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ വിശദമായ പഠനങ്ങൾക്ക് ശേഷം മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ച് പത്തു മാസത്തോളമാകുന്നു. എന്നാൽ, ഇതുവരെയും നിയമസഭയും മന്ത്രിസഭയും ഈ വിഷയം ചർച്ച ചെയ്യാത്തതിലും, വിവിധ സർക്കാർ വകുപ്പുകൾക്ക് കമ്മീഷൻ റിപ്പോർട്ട് നൽകി അഭിപ്രായം ആരാഞ്ഞിട്ടും തുടർ നടപടികൾ ഉണ്ടാകാതിരുന്നതിലും, കമ്മീഷൻ റിപ്പോർട്ട് ഇതുവരെയും പൂർണ്ണമായി പുറത്തുവിടാത്തതിലും ക്രൈസ്തവ സമൂഹത്തിന് ശക്തമായ പ്രതിഷേധമുണ്ടെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടി.

എന്നാൽ, ഇതുവരെയും നിയമസഭയും മന്ത്രിസഭയും ഈ വിഷയം ചർച്ച ചെയ്യാത്തതിലും, വിവിധ സർക്കാർ വകുപ്പുകൾക്ക് കമ്മീഷൻ റിപ്പോർട്ട് നൽകി അഭിപ്രായം ആരാഞ്ഞിട്ടും തുടർ നടപടികൾ ഉണ്ടാകാതിരുന്നതിലും, കമ്മീഷൻ റിപ്പോർട്ട് ഇതുവരെയും പൂർണ്ണമായി പുറത്തുവിടാത്തതിലും ക്രൈസ്തവ സമൂഹത്തിന് ശക്തമായ പ്രതിഷേധമുണ്ട്. ചീഫ് സെക്രട്ടറിക്ക് പുറമെ പൊതുഭരണ - ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറിമാരും അംഗങ്ങളായ പുതിയ സമിതി അർഹിക്കുന്ന ഗൗരവത്തോടെ കമ്മീഷൻ റിപ്പോർട്ട് പരിഗണിക്കുകയും സത്വരമായ തുടർ നടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

## അന്യഗ്രഹജീവികൾ ഭൂമിയിൽ വന്നതിന് തെളിവില്ലെന്ന് പെന്റഗൺ

**പെന്റഗൺ:** പറക്കും തളികയുമായി ബന്ധപ്പെട്ട് വിശദീകരണമായി യുഎസ് പ്രതിരോധ വകുപ്പ് ആസ്ഥാനമായ പെന്റഗൺ, 1950-കളിലും 60-കളിലും അജ്ഞാതമായ പറക്കുന്ന വസ്തുക്കൾ കണ്ടതിന് കാരണം അക്കാലത്ത് നടന്ന അത്യാധുനിക രഹസ്യ നിരീക്ഷണ വിമാനങ്ങളുടെയും ബഹിരാകാശ സാങ്കേതികവിദ്യകളുടെയും പരീക്ഷണങ്ങൾ ആയിരിക്കാമെന്ന് പെന്റഗൺ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. യു എസ് ഭരണകൂടം അന്യഗ്രഹജീവികളെ നേരിട്ടതിന് യാതൊരുവിധ തെളിവുകളില്ലെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. ഭൂരിഭാഗം യുഎഫ്ഒ കളും ഭൂമിയിൽനിന്നുള്ള സാധാരണ വസ്തുക്കൾ ആണെന്നും, അവയെ കണ്ട് തെറ്റിദ്ധരിച്ചതാണെന്നും റിപ്പോർട്ടിൽ പറയുന്നു.


## അവാർഡുമായി കെവിൻ അമേരിക്കയിലേക്ക്



പാമ്പാടി: ക്യാൻസർ ഗവേഷണത്തിനായി (പി എച്ച്.ഡി) ലൗട്ടൻബർഗ് സെന്റർ ഫോർ ഇമ്യൂണോളജി ആൻഡ് ക്യാൻസർ റിസേർച്ച്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ റിസേർച്ച് യിസ്രായേൽ-കാനഡ ഫാക്കൾട്ടി ഓഫ് മെഡിസിൻ, ഹഡാസാ മെഡിക്കൽ സ്കൂൾ, ഹീബ്രൂ യൂണിവേഴ്സിറ്റി ഓഫ് യെരൂശലേമിൽ നിന്ന് ഫുള്ളി ഫണ്ടെഡ് സ്കോളർഷിപ്പ് ലഭിച്ച കെവിൻ ഫിലിപ് സാബു പഠനത്തിനായി ഈ മാസം 12ന് പുറപ്പെട്ടു.പാമ്പാടി ഇടിമാരിയിൽ കുടുംബാഗമാണ് കെവിൻ. സാബു എബ്രഹാം, ഷേർലി സാബു ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ സ്റ്റെഫിൻ, ഫെബിൻ. മദ്രാസ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലൈഫ് സയൻസ് എം എസ് സി സുവോളജിയിൽ ഒന്നാം റാങ്ക് നേടിയ കെവിനെ മദ്രാസ് അണ്ണാ യൂണിവേഴ്സിറ്റിയിൽ ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമു ആദരിച്ചിരുന്നു.

പിവൈപിഎ, സൺഡേ സ്കൂൾ സജീവ അംഗമായ കെവിൻ അനേക വർഷങ്ങളായി തന്നെ നിരവധി സമ്മാനങ്ങൾ വാങ്ങുകയും വ്യക്തികത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. ഐപിസി പാമ്പാടി സെന്ററിൽ പാമ്പാടി ബെഥേൽ സഭാഗമാണ് കെവിൻ.

## പാട്നയിൽ പാസ്റ്റർക്ക് പീഡനം



**പട്ന:** ബീഹാറിലെ ജമൂവി ജില്ലയിൽ സുവിശേഷ പ്രവർത്തകനായ പാസ്റ്റർ സണ്ണി സി. പി. സുവിശേഷവിരോധികളുടെ ക്രൂരമായ പീഢനങ്ങൾക്ക് ഇരയായി. മാർച്ച് 3ന് സിക്കൻന്ദ്ര ഗ്രാമത്തിൽ ആരാധന നടന്നു കൊണ്ടിരിക്കുമ്പോൾ “ജയ് ശ്രീറാം” എന്ന് വിളിച്ചുകൊണ്ട് ഒരുകൂട്ടം ആളുകൾ എത്തി. ആരാധന തടസ്സപ്പെടുത്തി. പാസ്റ്റർ സണ്ണിയെയും കൂടെയുള്ള വിശ്വാസിയായ യുവാവിനെയും ചിലർ മർദ്ദിക്കുകയും തെരുവിലൂടെ വലിച്ചിഴക്കുകയും ചെയ്തു. തലയ്ക്കും പുറത്തുമൊക്കെ ഒന്നിലധികം പേർ ചേർന്ന് ചവിട്ടുകയും അടിക്കുകയും ചെയ്തു. അക്രമികൾ കൊന്നുകളയുമെന്ന് ആക്രോശിച്ച് വഴിയിലൂടെ നടത്തികൊണ്ടു പോകുന്നതിനിടയിൽ പോലീസ് എത്തി രക്ഷപ്പെടുത്തി.

പാസ്റ്റർ സണ്ണി 29 വർഷമായി വടക്കേ ഇന്ത്യയിൽ മിഷണറിയാണ്. ഐപിസി വൈക്കം സെന്റർ സീനിയർ ശുശ്രൂഷകനായ പാസ്റ്റർ എം. എം. പീറ്ററിന്റെ മകനാണ്. ജ്യേഷ്ഠ സഹോദരൻ പാസ്റ്റർ സി. പി. രാജു( എ ജി അലഹബാദ് ). കൊച്ചുറാണിയാണ് ഭാര്യ. ഏക മകൾ ആഷ്ലി നേഴ്സിങ് വിദ്യാർത്ഥിനിയാണ്.